
ഏപ്രിൽ 2013 | പുസ്തകം 5 | ലക്കം 4


# സഹയാത്ര

പാലിയം ഇന്ത്യയുടെ മുഖപത്രം

PALLIUM INDIA



- ലക്ഷദ്വീപിൽ സാന്ത്വന സ്പർശം
- മൗലാന പറഞ്ഞകഥ
- മരണവും മരണവേളയും




# നിങ്ങൾക്ക് ഒരു പരസ്യം;
# അത് വേദനിക്കുന്നവർക്ക് ഒരു കൈത്താങ്ങ്

*സഹയാത്ര*യിൽ പ്രസിദ്ധീകരിക്കുന്ന ഓരോ പരസ്യവും നിങ്ങൾ നേരിട്ടറിയാത്ത കാൻസർ പോലുള്ള തീരാവ്യാധികളാൽ വേദനക്കൊണ്ടു പുളയുന്ന ഒരാളുടെ സഹായത്തിനുള്ള സംഭാവനയായിരിക്കും.


*സഹയാത്ര പാലിയംഇന്ത്യയുടെ മുഖപത്രം;*
*എല്ലാ മാസവും പ്രസിദ്ധീകരിക്കുന്നു.*

**പരസ്യനിരക്ക്**

| | |
|---|---|
| മുഴുവൻ പേജ് | : 4,000 രൂപ |
| ഒരുവർഷത്തേക്ക് | : 40,000 രൂപ |
| അര പേജ് | : 2,500 രൂപ |
| ഒരു വർഷത്തേക്ക് | : 25,000 രൂപ |
| ബാക്ക് പേജ്(കളർ) | : 10,000 രൂപ |
| ഒരുവർഷത്തേക്ക് | : 1,00,000 രൂപ |
| ബാക്ക് ഇൻസൈഡ്(കളർ) | : 6,000 രൂപ |
| ഒരു വർഷത്തേക്ക് | : 60,000 രൂപ |
| ഫ്രണ്ട് ഇൻസൈഡ്(കളർ) | : 7,500 രൂപ |
| ഒരു വർഷത്തേക്ക് | : 75,000 രൂപ |

**വിവരങ്ങൾക്ക്**
**മാനേജർ**
**പാലിയം ഇന്ത്യ**
**എസ്-10 വൃന്ദാവൻ ഗാർഡൻ,**
**ട്രാഫിക് പോലീസ് സ്റ്റേഷന് എതിർവശം,**
**പട്ടം. പി.ഒ, തിരുവനന്തപുരം-695004**

*ചെക്കുകൾ Palliumindia എന്ന പേരിൽ എടുക്കേണ്ടതാണ്. ഫോൺ: 0471-2440306



പുസ്തകം 5 ലക്കം 4
2013 ഏപ്രിൽ

# സഹയാത്ര
പാലിയം ഇന്ത്യയുടെ മുഖപത്രം

4 പൊതുവെ പറഞ്ഞാൽ

മരണത്തോടും മരണവേളയോടുമുള്ള സമീപനം 5
- വിവ. ഉഷാ എസ് നായർ

8 ലക്ഷദ്വീപിൽ സാന്ത്വന സ്പർശം
- ഡോ.എം.ആർ.രാജഗോപാൽ

പാദമുദ്രകൾ – 4 12

15 സ്റ്റാഫ് ക്ലബ്

അനുഭവങ്ങൾ 16

18 ഉണർവ്

അനുഭവസാക്ഷ്യങ്ങൾ 19

21 പാലിയംവാർത്തകൾ

കുട്ടിക്കൂട്ടം – അടിക്കുറിപ്പ് മത്സരം 24

ചീഫ് എഡിറ്റർ
ഡോ. എം.ആർ.രാജഗോപാൽ

എഡിറ്റർ
ഡോ.എൻ അജയൻ

അംഗങ്ങൾ
ഡോ. സി.മോഹനൻ
ഡോ. വി.രാജശേഖരൻ നായർ
ഡോ. എസ്.ഗോപിനാഥൻ നായർ
ജാവേദ് പർവേഷ്
ടി.സി.രാജേഷ്

പാലിയം ഇന്ത്യ
എസ് - 10, വൃന്ദാവൻ ഹൗസിംഗ് ഗാർഡൻസ്
പട്ടം, തിരുവനന്തപുരം 4
Phone: 0471-2440306
info@palliumindia.org
www.palliumindia.org

കവർ &
ഇല്ലുസ്ട്രേഷൻസ്
കാർട്ടൂണിസ്റ്റ് പി.വി.കൃഷ്ണൻ

Type setting & Layout
**Chasimar**, TVPM
Phone: 0471-2460964



പൊതുവേ പറഞ്ഞാൽ

# ദൈവം വിലപിക്കില്ലേ?

എറണാകുളത്തു പ്രവർത്തിക്കുന്ന ഒരു സന്നദ്ധ സംഘടനയാണ് ശ്രീ ശക്തി ഗണപതി ചാരിറ്റബിൾ ട്രസ്റ്റ്. സുപ്രസിദ്ധ കാൻസർ ചികിത്സാ വിദഗ്ധനും മനുഷ്യസ്നേഹിയുമായ ഡോ.വി.പി. ഗംഗാധര നോടും, ആശുപത്രികളിലെ രോഗികളും കുടുംബാംഗങ്ങളുമായ 3000 പേർക്ക് ദിവസവും മൂന്നുനേരം ഭക്ഷണമെത്തിക്കുന്ന ബ്രദർ പീറ്ററോ ടുമൊപ്പം പാലിയം ഇന്ത്യയും ഈ ട്രസ്റ്റിന്റെ വാർഷിക പരിപാടിയിൽ 2013 എപ്രിൽ 4 ന് പങ്കെടുത്തു.

പക്ഷേ അതൊന്നുമല്ല ഇന്നത്തെ വിഷയം. ആ വേദിയിൽ ആത്മീ യതയെപ്പറ്റി സംസാരിച്ച ശ്രീമതി നിർമ്മല ഉണ്ണിയുടെ പ്രസംഗത്തിലെ ഒരു ഭാഗത്തെപ്പറ്റിയാണ് ഇന്നു പറയാനുള്ളത്.


ഒരുക്ഷേത്ര സംരക്ഷണ കമ്മറ്റിയിലെ അംഗമാണ് ശ്രീമതി നിർമ്മല ഉണ്ണി. ആ ക്ഷേത്രത്തിൽ എന്തു പരിപാടി നടന്നാലും ചിലവാകുന്ന തുകയുടെ ഒരു പങ്ക് ഒരു അനാഥാലയത്തിലെ കുട്ടികൾക്കായി മാറ്റി വയ്ക്കപ്പെടുമത്രേ.

ഓരോ രോഗിയിലും ജീസസിനെകണ്ടു മദർതെരേസ. മതാനു ഷ്ഠാനത്തിൽ സക്കാത്ത് ഇസ്ലാമിന്റെ പ്രധാനഭാഗമല്ലേ? മാനവസേ വയാണ് യഥാർത്ഥമാധവസേവ എന്നത് എത്ര സുന്ദരമായ ആശയം! ചുറ്റുമുള്ളവന്റെ വേദന കാണാതെ ആരാധനാലയം സ്വർണ്ണം പൂശു മ്പോൾ ദൈവം വിലപിക്കില്ലേ?

*-ചീഫ് എഡിറ്റർ*

**പാലിയം ഇന്ത്യ ട്രസ്റ്റികൾ**

ഡോ. എം.ആർ. രാജഗോപാൽ (ചെയർമാൻ), മിസ്. പൂനം ബഗായ് (വൈസ് ചെയർമാൻ), അഡ്വ. അശോക് ചിതാലെ, ഡോ. മല്ലികാ തിരുവദനം, ഡോ. കെ.എസ്. ലാൽ, ഡോ. ശാലിനി വല്ലഭൻ, ഡോ. സി. മോഹനൻ, ശ്രീ. ബിനോദ് ഹരിഹരൻ






**ഉഷാ എസ് നായർ**
ചീഫ് എഡിറ്റർ, പിറവി മാസിക.
മുൻ എഡിറ്റർ,
സർവ്വവിഞ്ജാനകോശം.
കോളമിസ്റ്റ്, കലാകൗമുദി.

## മരണത്തോടും മരണവേളയോടുമുള്ള സമീപനം

എലിസബത്ത് കൂബ്ളർ റോസ്സ്, എം.ഡി
വിവർത്തനം: ഉഷാ എസ് നായർ



*ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലുണ്ടായ ഏറ്റവും മികച്ച മനഃശാസ്ത്ര പഠനമാണ് ഡോ. എലിസബത്ത് കൂബ്ളർ റോസിന്റെ 'മരണവും മരണവേളയും' (On Death and Dying). മരണത്തെ നേരിടുമ്പോഴുള്ള അഞ്ചു ഘട്ടത്തെ സംബന്ധിച്ച് ഇന്ന് പ്രശസ്തമായിത്തീർന്ന ആശയം ആദ്യം മുന്നോട്ടുവച്ചതും അതിനെക്കുറിച്ച് ആഴത്തിൽ അന്വേഷിച്ചതും റോസ്സാണ്. നിരാസവും ഒറ്റപ്പെടലും, കോപം, വിലപേശൽ, വിഷാദം, അംഗീകാരം എന്നിവയാണ് ആ അഞ്ച് ഘട്ടങ്ങൾ. സുനിശ്ചിതമായ മരണം രോഗിയേയും രോഗിയെ പരിചരിക്കുന്ന ആശുപത്രി ജീവനക്കാരേയും രോഗിയുടെ കുടുംബത്തേയും എങ്ങനെ ബാധിക്കുമെന്നും രോഗിയുമായി ബന്ധപ്പെടുന്ന സകലർക്കും പ്രതീക്ഷയും സാന്ത്വനവും സമാധാനവും എങ്ങനെ നൽകാനാകുമെന്നും ലളിതമായ അഭിമുഖങ്ങളിലൂടെ, സംഭാഷണങ്ങളിലൂടെ അവർ വായനക്കാരെ ഭംഗിയായി ബോദ്ധ്യപ്പെടുത്തുന്നു. ആധുനിക വൈദ്യശാസ്ത്രത്തിലും മനോരോഗ ചികിത്സയിലും വിദഗ്ദ്ധയായ കൂബ്ളർ റോസ്സ് ലോകമറിയുന്ന മൃതിശാസ്ത്രജ്ഞയുമാണ്.*

**അധ്യായം 4**
**രണ്ടാം ഘട്ടം**

# കോപം

**'നാം ലോകത്തെ തെറ്റായി ഗ്രഹിക്കുകയും ലോകം നമ്മെ കബളിപ്പിക്കുന്നു എന്നു പറയുകയും ചെയ്യും'**

**ടാഗോർ: സ്ട്രേബേഡ്സ് LXXV**

(ആസന്നമരണയായ സിസ്റ്റർ ഐ.യുമായി ഡോ. എലിസബത്ത് കുബ്ളറും ഹോസ്പിറ്റൽ ചാപ്ലിനും നടത്തിയ സംഭാഷണത്തിന്റെ നേർരേഖ ഈ ലക്കത്തിൽ ആരംഭിക്കുന്നു).

**ചാപ്ലിൻ:** ഈ സമ്മേളനത്തിന്റെ ഉദ്ദേശ്യത്തെക്കുറിച്ച് രാവിലെ നമ്മൾ അല്പം സംസാരിച്ചിരുന്നു. ഗുരുതരാവസ്ഥയിലുള്ള രോഗികളോട് കൂടുതൽ ഫലപ്രദമായി എങ്ങനെ ഞങ്ങൾക്ക് പ്രതികരിക്കാം എന്ന കാര്യത്തെക്കുറിച്ച് ഡോക്ടർമാർക്കും നഴ്സുമാർക്കും ഉത്കണ്ഠയുണ്ട്. നിങ്ങളിവിടെ ഒരു പ്രതിഷ്ഠപോലെയാണെന്നൊന്നും ഞാൻ പറയുകയല്ല. പക്ഷേ, ഇവിടെ ഒരുപാടുപേർക്ക് നിങ്ങളെ അറിയാം. നമ്മൾ താഴെ ഹാളിൽനിന്നും 80 അടിയിൽ കൂടുതൽ വരുന്നതിനുമുമ്പുതന്നെ ജീവനക്കാരിൽ നാലുപേർ നിങ്ങളെ അഭിവാദ്യം ചെയ്തു.

**രോഗി:** നിങ്ങൾ വരുന്നതിനു തൊട്ടുമുമ്പ് തറ മിനുക്കിക്കൊണ്ടിരുന്ന ഒരു ഹൗസ് കീപ്പർ 'ഹായ്' പറയാനായി വാതിൽ തുറന്നു. ഞാനിതിനുമുമ്പ് അവരെ കണ്ടിട്ടില്ല. അതു ഭയങ്കരമായി തോന്നി. അവരെന്നോടു



പറഞ്ഞു: “നിങ്ങൾ എങ്ങനെയുണ്ടെന്ന് ഒന്നറിയണം. (ചിരിക്കുന്നു) കാരണം എനിക്കറിയില്ല.”

**ഡോക്ടർ:** ആശുപത്രിയിൽ ഒരു നഴ്സിനെ കാണുന്നതിനാണോ?

**രോഗി:** ഒരുപക്ഷേ, ഒരു നഴ്സിനെ ആശുപത്രി കിടക്കയിൽ കാണുന്നതിനാവാം. ചിലപ്പോൾ അവർ എന്നെക്കുറിച്ച് കേട്ടിരിക്കും. അല്ലെങ്കിൽ എന്നെ ഹാളിൽ വച്ച് കണ്ടിട്ടുണ്ടാകും. വാസ്തവത്തിൽ എന്നോടവർക്ക് സംസാരിക്കണമെന്നുണ്ടായിരുന്നു. എന്നാൽ സമയം കളയണ്ട എന്നവർ തീരുമാനിച്ചിരിക്കും. അവർ ഇങ്ങനെ പറഞ്ഞു. “എനിക്കൊന്ന് ഹലോ പറയണമെന്ന് മാത്രമുണ്ടായിരുന്നു.”

**ഡോക്ടർ:** എത്ര കാലമായിട്ട് നിങ്ങൾ ആശുപത്രിയിലാണ്? കാര്യങ്ങൾ ഒന്നുചുരുക്കി പറയാമോ?

**രോഗി:** ഇത്തവണ 11 ദിവസം

**ഡോക്ടർ:** എന്നാണ് അഡ്മിറ്റു ചെയ്തത്?

**രോഗി:** തിങ്കളാഴ്ച രാത്രിയിൽ, രണ്ടാഴ്ച മുൻപ്.

**ഡോക്ടർ:** പക്ഷേ, ഇതിനുമുൻപും നിങ്ങൾ ഇവിടെ കിടന്നിരുന്നല്ലോ.

**രോഗി:** ഇതെന്റെ പതിനൊന്നാമത്തെ അഡ്മിഷനാണ്.

**ഡോക്ടർ:** പതിനൊന്നാമത്തെയോ?

**രോഗി:** 1962 മുതൽ

**ഡോക്ടർ:** 1962 നുശേഷം 11 തവണ നിങ്ങൾ ആശുപത്രിയിൽ കിടന്നിരുന്നെന്നോ?

**രോഗി:** അതേ

**ഡോക്ടർ:** ഒരേ രോഗകാരണം കൊണ്ടുതന്നെയാണോ?

**രോഗി:** അല്ല. 53-ലാണ് ആദ്യമായി എന്റെ രോഗം നിർണയിക്കപ്പെട്ടത്.

**ഡോക്ടർ:** ഹും. എന്തുരോഗമെന്നാണ് അവർ നിർണയിച്ചത്.

**രോഗി:** ഹോഡ്ജ്കിൻസ് രോഗമെന്ന്.

**ഡോക്ടർ:** ഹോഡ്ജ്കിൻസ് രോഗം

**രോഗി:** എന്നാൽ ഉയർന്ന റേഡിയേഷൻ നൽകാൻ കഴിയുന്ന യന്ത്രം ഈ ആശുപത്രിയിലാണുള്ളത്. ഞങ്ങളുടെ ആശുപത്രിയിൽ അതില്ല. എന്നെ അവിടെ പ്രവേശിപ്പിച്ചപ്പോൾ രോഗനിർണയം ശരിയായിട്ടുതന്നെയാണോ ഇക്കാലമത്രയും നടത്തിയിരുന്നത് എന്ന ചോദ്യം ഉയർന്നിരുന്നു. ഞാൻ ഇവിടുത്തെ ഡോക്ടറെ വന്നുകണ്ടു. അഞ്ചു മിനിറ്റിനകം എനിക്ക് അതാണെന്ന് – അതായത് എനിക്കുണ്ടെന്ന് ഞാൻ പറഞ്ഞ രോഗം തന്നെയാണ് എന്ന് ഉറപ്പായി.

**ഡോക്ടർ:** ഹോഡ്ജ്കിൻസ് രോഗമെന്ന്?

**രോഗി:** അതേ. എന്നാൽ മറ്റു ഡോക്ടർമാർ സ്ലൈഡുകൾ പരിശോധിച്ചിട്ട് ‘എനിക്ക് രോഗമില്ല’ എന്നാണ് പറഞ്ഞത്. കഴിഞ്ഞ തവണ അഡ്മിറ്റു ചെയ്തപ്പോൾ എന്റെ ശരീരം മുഴുവൻ തിണർത്തിരുന്നു. തിണർത്തതല്ല-ശരിക്കും വ്രണങ്ങൾ. കാരണം ചൊറിച്ചിലുകൊണ്ട് ഞാൻ മാന്തി

പ്പൊളിച്ചിരുന്നു. ഞാനാകെ പുണ്ണുകൊണ്ടു മൂടപ്പെട്ടു എന്നുതന്നെ പറയണം. ഒരു കുഷ്ഠ രോഗിയെപ്പോലെയെന്ന് എനിക്കു തോന്നി. എനിക്ക് മാനസിക പ്രശ്നമുണ്ടെന്ന് അവർ കരുതി. എനിക്ക് ഹോഡ്ജകിൻസ് രോഗമാണെന്ന് ഞാൻ അവരോടു പറഞ്ഞു. അതാണ് രോഗമെന്നു ഞാൻ ഉറപ്പിച്ചു പറയുന്നത് എന്റെ മാനസിക പ്രശ്നം മൂലമാണെന്ന് അവർ കരുതി. നേരത്തേ എനിക്കുണ്ടായിരുന്ന മുഴകൾ അവർ കണ്ടുപിടിച്ചിരുന്നു. എന്നാൽ ഇത്തവണ അവർക്കത് കിട്ടിയില്ല. റേഡിയേഷൻ ചികിത്സകൊണ്ട് എല്ലാം നിയന്ത്രിക്കപ്പെട്ടിരുന്നു. അതുകൊണ്ട് ഇത്തവണ എനിക്ക് ആരോഗമില്ല എന്നവർ പറഞ്ഞു. ഞാൻ പറഞ്ഞു ഇത്തവണയും അതുതന്നെ. നേരത്തേയുള്ള അതേ അനുഭവങ്ങൾ തന്നെയാണ് എനിക്കിപ്പോഴും ഉള്ളത് എന്ന്. ഇവിടുത്തെ ഡോക്ടർ ചോദിച്ചു. "നിങ്ങൾക്കെന്താണു തോന്നുന്നത്?" ഞാൻ പറഞ്ഞു – "ഇതെല്ലാം ഹോഡ്ജ്കിൻസ്." അപ്പോൾ അദ്ദേഹം പറഞ്ഞു. "നിങ്ങൾ പറയുന്നത് പൂർണമായും ശരിയാണ്"

ആ നിമിഷം അദ്ദേഹം എനിക്ക് ആത്മാഭിമാനം തിരിച്ചുതന്നു. ഇക്കാര്യത്തിൽ എന്നോടൊപ്പം നില്ക്കാൻ ഒരാളെ കണ്ടെത്തി എന്ന് ഞാനറിഞ്ഞു. എനിക്ക് വാസ്തവത്തിൽ രോഗമില്ലാ എന്നു വിശ്വസിപ്പിക്കാതിരുന്ന ഒരാൾ.

**ഡോക്ടർ:** എന്നുവച്ചാൽ ..... (ടേപ്പിലെ ശബ്ദം കേൾക്കാൻ കഴിയുന്നില്ല) ഇത് മനോരോഗജന്യമായ ശാരീരികരോഗം ആണ്.

**രോഗി:** അതേ. എനിക്ക് ഹോഡ്ജ്കിൻസ് രോഗമുണ്ടെന്നു ഞാൻ കരുതുന്നതാണ് എന്റെ പ്രശ്നമെന്ന് ചിന്തിക്കുന്നത് ബുദ്ധിതന്നെ. കാരണം എന്റെ വയറ്റിൽ ഒറ്റമുഴയും അവർക്ക് അനുഭവപ്പെട്ടില്ല. ഒരു സാധാരണ എക്സ്റേയിലോ കൈകൊണ്ടു തടവിയിട്ടോ അതു കണ്ടെത്താനായില്ല. വെനോഗ്രാമിലൂടെ അത് കണ്ടുപിടിക്കാമായിരുന്നു. അത് നിർഭാഗ്യകരമായിരുന്നു. പക്ഷേ, എനിക്ക് അതിലൂടെയെല്ലാം കടന്നുപോകേണ്ടി വന്നു. അത്രയേ എനിക്കു പറയാനാവൂ.

**ചാപ്ലീൻ:** പക്ഷേ, നിങ്ങൾക്ക് വിടുതൽ തന്നല്ലോ.

**രോഗി:** എനിക്ക് ശാരീരികമായി അസുഖമുണ്ടെന്ന് ഞാൻ തെളിയിക്കുന്നതുവരെ, വൈകാരിക രോഗമുണ്ട് എന്ന പ്രശ്നത്തിന് പരിഹാരം കാണാനായില്ല എന്നതുകൊണ്ടാണ് തീർച്ചയായും വിടുതൽ കിട്ടിയത്.

എനിക്കിതേക്കുറിച്ച് മറ്റുള്ളവരോട് പറയാനോ ആശ്വാസം നേടാനോ കഴിഞ്ഞില്ല. കാരണം എനിക്ക് രോഗമുണ്ടെന്ന് അവർ വിശ്വസിക്കുന്നതായി എനിക്കു തോന്നിയില്ല. ഞാൻ എന്താണ് ഉദ്ദേശിക്കുന്നതെന്ന് നിങ്ങൾ അറിയണം. എന്റെ വ്രണങ്ങൾ ഏതാണ്ടെല്ലാം തന്നെ ഞാൻ മറച്ചുവച്ചു. രക്തംപുരണ്ട എന്റെ വസ്ത്രങ്ങൾ ഞാൻ കഴിവതും വൃത്തിയാക്കി. സ്വീകാര്യത എനിക്കനുഭവപ്പെട്ടില്ല. എന്റെ പ്രശ്നങ്ങൾ ഞാൻതന്നെ പരിഹരിക്കാൻ വേണ്ടി അവർ കാത്തിരിക്കുകയായിരുന്നു എന്നെനിക്കുറപ്പുണ്ട്.

**(സംഭാഷണം തുടരും.)**





# ലക്ഷദ്വീപിൽ സാന്ത്വന സ്പർശം

**ഡോ. എം.ആർ.രാജഗോപാൽ**

കുഞ്ഞികാക്ക (ശരിയായ പേരല്ല) എണീറ്റിരിക്കാൻ ആഗ്രഹം പ്രകടിപ്പിച്ചു. മകൻ കയ്യിലിരുന്ന കുഞ്ഞിനെ മറ്റാരെയോ ഏൽപിച്ച് കുഞ്ഞുക്കാക്കയെ എണീപ്പിച്ചിരുത്തി.

ഇതിലെന്താണിത്ര പറയാൻ? കുഞ്ഞികാക്കയെപ്പറ്റി കേട്ടറിഞ്ഞ് പാലിയേറ്റീവ് കെയർ സംഘാടകൻ മൗലാനയും മെയിൽ നഴ്സ് കാഫിയും ഡോക്ടർ സർ അലിയും ചെന്നപ്പോൾ ഇതായിരുന്നില്ല സ്ഥിതി. മലമൂത്രങ്ങളിൽ കുളിച്ച് ,വൃത്തികെട്ട ചായ്പിൽ ഉപേക്ഷിക്കപ്പെട്ട നിലയിലായിരുന്നു കുഞ്ഞികാക്ക. ഏഴു മക്കളുണ്ട്. എന്നിട്ടും കുഞ്ഞികാക്ക തനിച്ചായിപ്പോയിട്ട് മാസങ്ങളായി. പക്ഷാഘാതം വന്ന് ശരീരത്തിന്റെ ഒരു വശം മാത്രം മറുവശത്തിന് താങ്ങായി ഒരുജീവിതം.

എന്തുകൊണ്ട് കുടുംബബന്ധം ഇങ്ങിനെ ശിഥിലമായി എന്നതിലേക്ക് ഇപ്പോൾ കടക്കുന്നില്ല. അതന്വേഷിച്ചുപോയാൽ ആഗോളവൽക്കരണവും ഭാരതത്തിലെ സാമൂഹ്യവ്യതിയാനവും തൊട്ട് കുടുംബത്തിലെ പടലപ്പിണക്കങ്ങൾവരെ പലതുമുണ്ടാവാം. കാരണമെന്തായാലും ലക്ഷദ്വീപ് പോലെ മനുഷ്യബന്ധം ശക്തമായിരുന്ന ഒരു സമൂഹത്തിലും ഇതു സംഭവിച്ചു പോകുന്നു എന്നതാണ് യാഥാർഥ്യം.

രണ്ടാം പ്രാവശ്യം കുഞ്ഞികാക്കയെ കാണാൻ ചെന്നപ്പോഴത്തെ കഥ ഡോ. അലി പറഞ്ഞു. ഭക്ഷണം അടുത്തുണ്ട്. ഒരു പാത്രത്തിൽനിന്ന് തളരാത്ത കൈകൊണ്ട് അത് വായിലെത്തിക്കാൻ കുഞ്ഞിക്കാക്ക ശ്രമിക്കുന്നു. പറ്റുന്നില്ല. തളരാത്ത കയ്യും ദുർബലമായിപ്പോയി. ചിതറിവീണ ചോറ് ശരീരത്തിൽ മുഴുവൻ. ഇത്തവണ വീട്ടി



*പാലിയംഇന്ത്യ ചെയർമാൻ ലക്ഷദ്വീപിലെ സാന്ത്വനപ്രവർത്തകരോടൊപ്പം*



മാസങ്ങൾ ആശുപത്രിയിൽ കഴിഞ്ഞു. പ്ളാസ്റ്റിക് സർജറി ഫലിച്ചില്ല. കുറച്ചു മാസങ്ങൾ കഴിഞ്ഞു തിരിച്ചുചെല്ലാൻ പറഞ്ഞിരിക്കുകയാണ്. പക്ഷേ കഠിനവേദന. പാലിയേറ്റീവ് കെയർ പ്രവർത്തകരുടെ ശുശ്രൂഷ തുടങ്ങിക്കഴിഞ്ഞ് വേദനയ്ക്ക് നല്ല ആശ്വാസമുണ്ട്. മാത്രമല്ല, രക്തത്തിൽ പഞ്ചസാരയുടെ അളവ് ക്രമീകരിക്കാൻ ഇവർ സഹായിക്കുന്നു. ഒരു ഗ്ലൂക്കോമീറ്ററുമായി പോകുന്ന നഴ്സ് കാഫി ആവശ്യമുള്ളപ്പോഴൊക്കെ പരിശോധിക്കും. ഇൻസുലിന്റെ അളവ് ആവശ്യാനുസരണം ക്രമീകരിക്കാൻ ഡോ.അസർ അലി സഹായിക്കുന്നു. ഈ ക്രമീകരണമില്ലായിരുന്നുവെങ്കിൽ ആ കാലിന്റെ (ആ ജീവന്റെയും) കാര്യം എന്താകുമായിരുന്നു!

പക്ഷാഘാതം വന്ന് അവശയായിരുന്ന വൃദ്ധ ഇപ്പോൾ പരസഹായത്തോടെ എണീറ്റിരുന്ന് ചിരിക്കുന്നു. എല്ലാവർക്കും കടച്ചക്ക ഉപ്പേരി തന്നിട്ടേ അവർ വിടുന്നുള്ളൂ. എത്ര ഹൃദയസ്പർശിയാണ് ഇവരുടെ നിഷ്കളങ്കമായ ആതിഥ്യം!

സാമൂഹ്യപ്രവർത്തകനായ മൗലാനയാണ ലക്ഷദ്വീപിലെ പാലിയേറ്റീവ് കെയർ പ്രസ്ഥാനത്തിന്റെ ശിൽപി. ദ്വീപിലെ രോഗികളുടെയും കുടുംബാംഗങ്ങളുടെയും വേദന ഉള്ളിലൊതുക്കി

ലുണ്ടായിരുന്ന മക്കളെയും മറ്റുള്ളവരെയും കൂട്ടി സംസാരിച്ചു. പാലിയേറ്റീവ് കെയർ പ്രവർത്തകർ എന്താണ് ചെയ്യുന്നതെന്നും അതിന് കുടുംബവുമായി ചേർന്ന് ശ്രമിക്കാനാഗ്രഹമുണ്ടെന്നും മറ്റും. ഭക്ഷണം സ്വയം കഴിക്കാൻ സാധിക്കുന്നതുവരെ എങ്ങനെ നൽകണമെന്നും, മറ്റുകാര്യങ്ങളിൽ ഏതെല്ലാം വിധത്തിൽ ശുശ്രൂഷിക്കാമെന്നും ഒക്കെ സംസാരിച്ചു. ഓരോ സന്ദർശനത്തിലും കുടുംബത്തിന്റെ പങ്കാളിത്തം കൂടിവന്നു.

കുടുംബതലത്തിലും സമൂഹതലത്തിലും പാലിയേറ്റീവ് കെയറിന് ചെയ്യാനാവുന്നതിന് എത്ര നല്ല ഉദാഹരണം! ശാരീരിക ദൗർബല്യങ്ങളെയും രോഗത്തെയും ചികിത്സിക്കുന്നതോടൊപ്പം എങ്ങനെയോ പരസ്പരം നഷ്ടപ്പെട്ട വാപ്പയെയും മക്കളെയും ഒന്നിപ്പിക്കാനും അടുത്ത തലമുറയിൽ മനുഷ്യത്വം പകരാനും ഒക്കെ!

ഇതുപോലെ കുറെ കാഴ്ചകൾ ഞങ്ങൾ കണ്ടു. മൂന്നര വയസ്സുള്ള ഒരു പെൺകുട്ടി. ചെറുപ്രായത്തിലെ ഒരു രോഗം തലച്ചോറിനെ ക്രൂരമായി പീഡിപ്പിച്ചു. ഇപ്പോൾ സ്വയം ചലനശേഷിയില്ല. ആ അമ്മയുടെ മുഖത്തെ ദൈന്യം കരളലിയിക്കും. ഏകാന്തതയുടെ ദൈന്യത്തെ ഒരു കൂട്ടുകൊടുത്ത് ആട്ടിയോടിക്കുന്നത് എന്തുമഹൽകാര്യം!

അങ്ങനെ കുറെയേറെ സന്ദർശനങ്ങൾ. പ്രമേഹം മൂലം കാൽപാദത്തിന്റെ പകുതി നഷ്ടപ്പെട്ട മുൻ സർക്കാരുദ്യോഗസ്ഥന്റെ ചികിത്സ എറണാകുളത്താണ്.



വർഷങ്ങളുടെ പരിശ്രമം ഫലവത്താക്കുന്നതിൽ ഒരു പങ്ക് ഹെൽത്ത് സർവീസസ് ഡയറക്ടറായ ഡോ.ഹംസക്കോയയ്ക്കാണ്. ഡോക്ടർക്കും നഴ്സിനും ഒന്നരമാസത്തെ പരിശീലത്തിന് തിരുവനന്തപുരത്തുപോകാൻ അദ്ദേഹം അനുമതി നൽകി, എല്ലാ സഹായവും ചെയ്തു. പാലിയംഇന്ത്യ മുഖേന ഐ.എ.എച്ച്.പി.സിയിൽ നിന്ന് സ്കോളർഷിപ്പ് ലഭിച്ചു. തികഞ്ഞ ആത്മാർത്ഥതയോടെ അവർ രണ്ടുപേരും പരിശീലനം പൂർത്തിയാക്കുകയും ചെയ്തു. തിരുവനന്തപുരം മെഡിക്കൽകോളേജിലെ രോഗികളെ നോക്കാൻ രാത്രി വൈകും വരെ കൂടെ കൂടിയ ഡോ.അലിയുടെ അർപ്പണ മനോഭാവത്തെ ഡോ.ബാബുരാജ് സ്നേഹവാത്സല്യത്തോടെ സ്മരിക്കുന്നു). രണ്ടുപേരും ഇപ്പോൾ മുഴുവൻ സമയം ആശുപത്രിയിൽ ജോലി തീർത്തിട്ടാണ് പാലിയേറ്റീവ് കെയർ ചെയ്യുന്നത്.

അസാമാന്യ വ്യക്തിത്വത്തിനുടമയാണ് മൗലാന. അബ്ദുൾഹമീദ് എന്ന ഔദ്യോഗിക

## മൗലാന പറഞ്ഞ കഥ

"തികഞ്ഞ അഹങ്കാരിയായിരുന്നു ഞാൻ. വിലപിടിച്ച ജീൻസേ ധരിക്കൂ. ചെലവേറിയ ഹോട്ടലിലേ താമസിക്കൂ." അങ്ങനെയുള്ള മൗലാനയ്ക്ക് മാനസികപരിവർത്തനത്തിനു കാരണഭൂതനായ ഗുരു ഷൊർണൂരിലെ ഒരഞ്ചുവയസ്സുകാരൻ. കഥ ഇങ്ങനെ.

ഒരുരാത്രി. ഒമ്പതുമണിയായിക്കാണും. ഭക്ഷണം കഴിക്കാൻ ഒരു ചായപ്പീടികയിൽ കയറി. കഴിച്ചുകൊണ്ടിരിക്കുമ്പോൾ ഒരുകുട്ടി ചായവാങ്ങാൻ ഒരു കോപ്പയുമായി വന്നു. അവന്റെ മുത്തച്ഛനു ചായവേണം. കയ്യിൽ ഒരു രൂപയേ ഉള്ളൂ. കടയുടമസ്ഥൻ കോപത്തോടെ അഭ്യർത്ഥന നിരസിച്ചു. അവസാനം ഇഷ്ടക്കേടോടെ അരക്കോപ്പ ചായ കൊടുത്തു.



കുറവുള്ള ഒരു രൂപകൊടുക്കണമെന്നുണ്ടായിരുന്നു മൗലാനയ്ക്ക്. പക്ഷേ പരിഷ്കൃത മനുഷ്യന്റെ, മനസ്സിലാക്കാൻ ബുദ്ധിമുട്ടുള്ള ഏതോ ഒരു മടി തടസ്സം നിന്നു.

കുട്ടി പുറത്തേയ്ക്കിറങ്ങിയപ്പോൾ മൗലാന പുറകേ കൂടി. അൽപം കഴിഞ്ഞ് കുട്ടിയെ വിളിച്ച് നിൽക്കാനാവശ്യപ്പെട്ടപ്പോൾ, അപരിചിതനെ രാത്രിയിൽ കണ്ട പരിഭ്രമത്താലാകാം കുട്ടി പേടിച്ചോടി. ബുദ്ധിമുട്ടി കിട്ടിയ ചായ തൂവിപ്പോയി. വിഷണ്ണനായി കുട്ടി നിന്നു. അതിലേറെ വിഷണ്ണനായി മൗലാനയും. ''ഞാൻ കാരണം ചായ തൂവിപ്പോയല്ലോ മോനെ" എന്നു പറഞ്ഞ മൗലാനയോട് കുട്ടിയുടെ പ്രതികരണം, "ങ്ങള് കാരണമല്ലല്ലോ. ഇഷ്ടമില്ലാതെ തന്ന ചായ കുടിക്കണ്ട എന്ന് പടച്ചോൻ തീരുമാനിച്ചതല്ലേ?"

അഞ്ചു വയസ്സുകാരൻ ഗുരുവിന്റെ വചനത്തിൽ നിന്ന് മൗലാന ഉൾക്കൊണ്ടു ഒരു പാഠം. താനാര്? ഒന്നുമല്ല. അഭൗമമായ ആ ശക്തിയുടെ ഒരുപകരണം മാത്രം. ഉള്ളിലെ താനെന്ന ഭാവം ഉരുകിയൊലിച്ച് അപ്രത്യക്ഷമായി.

ആ മൗലാന ഒരുപാടു സഞ്ചരിച്ചു. ഒരു സൂഫിവര്യന്റെയും ഹിമാലയത്തിലെ ഒരു സന്യാസിയുടെയും ശിഷ്യനായി. കലയും വരയും ആട്ടവുമൊക്കെയായിരുന്നു മനസ്സു നിറയെ. കലാമണ്ഡലത്തിൽ അഞ്ചുവർഷം വിദ്യാർത്ഥിയായി കഥകളി പഠിച്ചു. മഞ്ജുവാരിയർ സഹപാഠിയായിരുന്നു. മൃണാളിനി സാരാഭായിയുമൊത്ത് നൃത്തം ചെയ്തിട്ടുണ്ട്.

അഞ്ചുവർഷത്തെ കഥകളി അഭ്യസനം കഴിഞ്ഞ് തിരിച്ചു ദ്വീപിലെത്തിയപ്പോളായിരുന്നു കൊടുങ്കാറ്റ്. കഥകളി പഠിച്ചത് ഹിന്ദുത്വം സ്വീകരിച്ചണെന്നും ഇസ്ലാം വിരുദ്ധമാണെന്നുമായിരുന്നു ആരോപണം. "എല്ലാവരും ഉപേക്ഷിച്ചു." മൗലാന ഓർക്കുന്നു, "ഉമ്മയും ഭാര്യയുമൊഴികെ എല്ലാവരും" "നീ മയ്യത്തായാൽ എന്തു ചെയ്യും?" എന്നു വേവലാതിപ്പെട്ടു. ഉമ്മ, 'എവിടെ കബറടക്കും?' ഉമ്മ തന്നെ പരിഹാരം കണ്ടു. കടൽത്തീരത്തുള്ള ഒരു തുണ്ടു ഭൂമി മൗലാനയ്ക്ക് എഴുതിക്കൊടുത്തു. വേണ്ടിവന്നാൽ ആറടി മണ്ണു സ്വന്തമായുണ്ടാവാൻ. മൗലാനയുടെ സഹോദരന്മാരെ യൊക്കെ ഈ തീരുമാനം അറിയിച്ചാണ് പ്രമാണം ചെയ്തത്. ഉമ്മയുടെ നിശ്ചയത്തിന് ആരും എതിരു പറഞ്ഞില്ല. ആ വിലപിടിച്ച സ്വത്ത് ഏതെങ്കിലും നല്ല കാര്യത്തിന് ഉപയോഗിക്കാനായി മൗലാന കരുതി വച്ചിരിക്കുന്നു.

തുടർന്ന് ഏഴുദിവസം നീണ്ട മതവിചാരണയ്ക്കൊടുവിൽ മൗലാന കുറ്റവിമുക്തനാക്കപ്പെട്ടു.

തുടർന്ന് എത്രയെത്ര പുണ്യ പ്രവർത്തികൾ! കലാധ്യാപകനായി സർക്കാർ പണി ഉപജീവനമാക്കി സമൂഹനന്മക്ക് വേണ്ടിയൊരു ജീവിതം. നിഴലായി ഭാര്യ അയിഷാബി. അടുക്കളയിൽ കയറിയാൽ അയിഷാബി മാന്ത്രികയായി മാറും. സ്വാദിഷ്ടമായ ഭക്ഷണപദാർഥങ്ങളിൽ പങ്കുചേരാൻ ധാരാളം പേരുണ്ടാവും. മിടുക്കരായ രണ്ടാൺകുട്ടികൾ ആ ജീവിതങ്ങൾക്ക് പൂർണത നൽകുന്നു. അല്ല, അല്ല. അതുകൊണ്ട് പൂർണമായില്ല. ഇനിയുമുണ്ട് കേരളത്തിൽ ജീവിക്കുന്ന ആറുകുട്ടികൾ ഓരോ അവസ്ഥകളിൽ അനാഥരായവരെ മൗലാന ദത്തെടുക്കുകയായിരുന്നു.

ആ പവിത്രജീവിതത്തെ ധന്യമാക്കുന്ന എത്രയോ മഹൽപ്രവർത്തികളിൽ ഒന്നുമാത്രമാണ് പാലിയേറ്റീവ് കെയർ.

നാമം, പഠിപ്പിക്കുന്ന സ്കൂളിലെ പ്രിൻസിപ്പ ലിനു മാത്രമേ ഓർമ്മയുള്ളു. ചെറുപ്രായത്തിൽ വീണ മൗലാന എന്ന ഇരട്ടപ്പേരിനെ ആ കുട്ടി വെറുത്തിരുന്നു. പിൻജീവിതത്തിൽ, പക്ഷേ, അത് അന്വർഥമായി. കൂട്ടുകാരൻ, സഹയാത്രി കൻ, ഗുരു ഇതെല്ലാം ചേർന്ന ഒന്നാണത്രേ മൗലാന എന്ന പദത്തിനർത്ഥം. അദ്ദേഹത്തോ ടൊപ്പം സമയം ചെലവഴിക്കുന്നതുതന്നെ ഭാഗ്യ മെന്നു കരുതുന്ന കുറെയുവാക്കൾ കൂടെ കൂടിയിട്ടുണ്ട്. ലക്ഷദ്വീപിലെ മനുഷ്യവാസമുള്ള പത്തുദ്വീപുകളും അദ്ദേഹം രൂപം നൽകിയ 'തണലി'ന് പ്രവർത്തനമേഖലയായി. സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ലഭ്യത തുലോം വിരളമായ ലക്ഷദ്വീപിൽ അവരെ കൂട്ടി ക്കൊണ്ടുവന്ന് അൽഭൂതങ്ങൾ സൃഷ്ടിക്കുന്നു മൗലാനയും സഹപ്രവർത്തകരും. എറണാകു ളത്തുനിന്ന് വിശ്രുത പ്ളാസ്റ്റിക് സർജൻ ഡോ. ജയകുമാർ വന്ന് ലക്ഷദ്വീപിലെ എല്ലാ മുച്ചു ണ്ടുള്ള കുട്ടികൾക്കും സൗജന്യ ശസ്ത്രക്രിയ നടത്തി, മൗലാനയുടെ നല്ല മനസ്സിന്റെ ഫല മായി.

മാർച്ച് 27, സന്ധ്യയ്ക്ക്, കവറത്തി കടൽതീ രത്തെ 'പഞ്ചായത്ത് സ്റ്റേജി'ൽ വച്ച് കടലി നെയും പൂർണചന്ദ്രനെയും സാക്ഷിനിറുത്തി ഡിസ് ട്രിക്റ്റ് പഞ്ചായത്ത് പ്രസിഡന്റ് ആന്റ് ചീഫ് കൗൺസിലർ ശ്രീ. അച്ചാട അഹമ്മദ് ഹാജിയുടെ അധ്യക്ഷതയിൽ കൂടിയ സമ്മേള നത്തിൽ വച്ച് പാലിയേറ്റീവ് കെയർ പരിപാടി ഔപചാരികമായി ഉദ്ഘാടനം ചെയ്യപ്പെട്ടു. ഡയറക്ടർ ഓഫ് ഹെൽത്ത് സർവീസസ് ഡോ. ഹംസക്കോയ, ഡപ്യൂട്ടി ഡയറക്ടർ ഡോ.ഷം സുദ്ദീൻ എന്നിവരുടെ സജീവ സാന്നിധ്യത്തി ലായിരുന്നു പരിപാടി. സമൂഹത്തിന്റെ പങ്കാ ളിത്തത്തിന് തെളിവു സമർപ്പിച്ചുകൊണ്ട് രാത്രി ഒമ്പതമണി വരെയും സദസ്സ് നിറഞ്ഞിരുന്നു.

ചീഫ് കൗൺസിലർ ശ്രീ.അച്ചാട അഹമ്മദ് ഹാജിയെപ്പറ്റി രണ്ടുവാക്കുകൂടി പറഞ്ഞേതീരു. ഇത്ര നിഷ്കളങ്കനും ആത്മാർത്ഥ ജനസേവക നുമായ ഒരാൾ ആ കസേരയിലിരുന്നാൽ ഭാവി ശോഭനമെന്നതിൽ സംശയമില്ല. പഞ്ചായത്ത് കൗൺസിലർമാർ പലരും പാലിയേറ്റീവ് കെയർ പ്രസ്ഥാനത്തിന്റെ ഭാഗഭാക്കുകളാണ്. വില്ലേജ് ദ്വീപ് പഞ്ചായത്തിന്റെ (വി.ഡി.പി) ചെയർ പെർസൺ ശ്രീമതി ഉമൈബൻ ഞങ്ങളുടെ കൂടെ ത്തന്നെ കൂടി, രാത്രിയാകുംവരെ കുടും ബസന്ദർശനത്തിന്. വി.ഡി.പി അംഗങ്ങളെല്ലാം പരിപൂർണ്ണസഹകരണം നൽകുന്നു.

പരാധീനതകൾ പലതുണ്ട്. പ്രധാന പ്രശ്നം സാമ്പത്തികം തന്നെയാണ്. മാത്രമല്ല. ഔദ്യോ ഗിക പരിപാടിയിൽ പാലിയേറ്റീവ് കെയർ ഉൾപ്പെടാത്തതുകൊണ്ട് മുഴുവൻ സമയജോലി ക്കുശേഷമാണ് ഡോക്ടർക്കും നഴ്സിനും പാലി യേറ്റീവ് കെയർ ചെയ്യാൻ സാധിക്കുക. പത്തു ദ്വീപുകൾക്കും തമ്മിൽ തമ്മിൽ മണിക്കൂറുക ളുടെ അകലമാണ്. ഒരിടത്തെ സംഘത്തിന് മറ്റൊരു ദ്വീപിൽ ചെന്ന് ശുശ്രൂഷ നടത്തുക എളു പ്പമല്ല.

ഈ പ്രശ്നങ്ങളെയൊക്കെ അതിജീവിച്ച് എത്ര വേഗത്തിലാണ് മൗലാനയും സംഘവും മുമ്പോട്ടു പോയത്. അതിശയകരമായ അഭി വൃദ്ധി തികച്ചും ഊർജ്ജസ്വലമായ ഈ പ്രസ്ഥാ നത്തിന്റെ ഭാഗമാകാൻ അവസരം ലഭിച്ചതിൽ പാലിയം ഇന്ത്യയ്ക്ക് അഭിമാനവും ചാരി താർത്ഥ്യവുമുണ്ട്.






# ഈ തണലിൽ.....

**ഡോ.ബാബുരാജ് ചക്രപാണി**

ഏതാണ്ട് ഒരുവർഷം മുമ്പ് ഞങ്ങളുടെ പാലിയേറ്റീവ് കെയർടീം ഗോപാലന്റെ വീട്ടിലേക്കു കയറിചെല്ലുമ്പോൾ അത്ഭുതമാണവരുടെ മുഖങ്ങളിൽ പ്രതിഫലിച്ചുകണ്ടത്. തിരുവനന്തപുരം നഗരത്തിൽ നിന്നു നാല്പതുകിലോമീറ്ററോളം ദൂരെയുള്ള ഒരു മലയോരഗ്രാമത്തിലാണ് ഗോപാലനും ഭാര്യയും രണ്ടു പെൺമക്കളും താമസിക്കുന്നത്. കൂലിപ്പണിക്കാരനായിരുന്ന ഗോപാലന്റെ ദുരവസ്ഥ തുടങ്ങുന്നത് 7 മാസം മുമ്പാണ്. മരത്തിൽനിന്നു താഴെ വീണു നട്ടെല്ല് ഒടിഞ്ഞു. ഉടനെ തന്നെ മെഡിക്കൽകോളെജിൽ പോയെങ്കിലും അവിടുത്തെ പ്രഗത്ഭരായ ഡോക്ടർമാർ പറഞ്ഞത് ഇങ്ങനെയാണ്:- 'നിങ്ങളുടെ കാലും ശരീരത്തിന്റെ കീഴ്ഭാഗവും എന്നെന്നേയ്ക്കുമായി തളർന്നുപോയിരിക്കുന്നു. നട്ടെല്ലിന് ഒരു ഓപ്പറേഷൻ ചെയ്യാമെന്നല്ലാതെ ഞങ്ങൾക്കിവിടെ ഒന്നും ചെയ്യാനില്ല. വീട്ടിലേക്കു കൊണ്ടുപൊയ്ക്കൊള്ളൂ."

ഗോപാലന്റെ മുഖത്തെ ദുഃഖഭാവമാണ് ഞങ്ങളെ സ്വീകരിച്ചത്. അദ്ദേഹം ചിരിക്കാൻ ശ്രമിച്ചെങ്കിലും അതു മനസ്സിൽനിന്നു വന്നതായി തോന്നിയില്ല. എന്തൊക്കെ ബുദ്ധിമുട്ടുകളാണുള്ളത്? അദ്ദേഹത്തിന്റെ കട്ടിലിന്റെ അടുത്തിരുന്ന് ഞാൻ ചോദിച്ചു. ഒരു നിമിഷത്തെ മൗനത്തിനുശേഷം ഗോപാലൻ മറുപടി പറഞ്ഞതിങ്ങനെ: "ഡോക്ടർ, മെഡിക്കൽ കോളേജിൽ നട്ടെല്ലിന്റെ ബലത്തിനായി ഓപ്പറേഷൻ ചെയ്തു കമ്പിയിട്ടു. ഓപ്പറേഷനും മരുന്നുകൾക്കുമായി ഒരുപാടു പണം ചെലവായി. ഇനി ഇങ്ങോട്ടുവരണ്ട എന്ന് ഡോക്ടർ പറഞ്ഞതുകേട്ടപ്പോൾ എന്റെ ഉള്ളൊന്നു കാളിപ്പോയി. കൺമുമ്പിൽ വാതിൽ കൊട്ടിയടച്ചതുപോലെ തോന്നി. പക്ഷെ വീട്ടിൽ മടങ്ങിയെത്തിയതു മുതൽ ജീവിതം കൂടുതൽ ദുസ്സഹമായതുപോലെ. കാലുകൾ രണ്ടും മരം പോലെ കിടക്കുന്നു. ഒരു വിരലെങ്കിലും അനക്കാൻ പറ്റിയെങ്കിൽ! വിരലനക്കുന്നതു പോട്ടെ സ്പർശനശേഷിയും നഷ്ടപ്പെട്ടിരിക്കുന്നു. ഭാര്യ രാവിലെതന്നെ ജോലിക്കായി പോകും (വീട്ടുകാര്യം മാത്രം നോക്കി നടന്നവളായിരുന്നു. കുടുംബം പുലർത്താൻ ഇപ്പോൾ ജോലിക്കു പോവുകയാണ്). മക്കളെ (രണ്ടു പെൺകുട്ടികൾ - 6വയസ്സും 3വയസ്സും) ബന്ധുക്കളുടെ വീട്ടിലോട്ടു കൊണ്ടു പോകും; പിന്നെ വീട്ടിൽ ഞാനൊറ്റയ്ക്കാണ്. ഈ കിടപ്പാണ് അസഹനീയം! മലവും മൂത്രവും ഞാനറിയാതെ പോകുന്നു. പ്രാഥമികാവശ്യങ്ങൾക്കുപോലും മറ്റുള്ളവരെ ആശ്രയിക്കേണ്ടിവരുന്ന അവസ്ഥ! ഏതാണ്ട് ഒരുമാസം ഇങ്ങനെ കടന്നുപോയി.


### *സഹയാത്ര*
### *ആറാം വയസിലേക്ക്*

2007-നവംബറിൽ സഹയാത്രയുടെ ആദ്യലക്കം പുറത്തിറങ്ങിയപ്പോൾ പാലിയേറ്റീവ് കെയർ രംഗത്തു പ്രവർത്തിക്കുന്നവരുടെ ആവേശം കുറച്ചൊന്നുമായിരുന്നില്ല. സാന്ത്വനചികിത്സ ഏറെ വെല്ലുവിളികൾ നേരിടുന്ന സന്ദർഭത്തിലാണ് ആശയസംവേദനത്തിന്റെ നവധാരയായി 'സഹയാത്ര' പുറത്തിറങ്ങിയത്.

'വേനലിൽ പൂക്കുന്ന ചെടികൾ നമ്മൾ നനച്ചു. ഇനി പൂക്കാത്ത മരങ്ങൾ നനയ്ക്കുക'' കാളിദാസവാക്യം'

"പൂക്കാത്തമരങ്ങളെല്ലാം പിഴുതുകളയുക" ഇതു വികൃതിവാക്യം. സാന്ത്വനചികിത്സയുടെ വെല്ലുവിളി എത്രയെന്നു മനസ്സിലാക്കാൻ ഈ വികൃതിവാക്യം മതിയല്ലോ.

പ്രശസ്ത മാധ്യമപ്രവർത്തകൻ ശ്രീ.ഗോവിന്ദൻകുട്ടിയായിരുന്നു ആദ്യ എഡിറ്റർ. ഡോ.എം.ആർ.രാജഗോപാൽ (ചെയർമാൻ) ഡോ.സി.മോഹനൻ, ഡോ.സലാവുദ്ദീൻ കുഞ്ഞ്, ഡോ.വി.രാജശേഖരൻ നായർ, ഡോ.വി.നിർമ്മല എന്നിവരായിരുന്നു പത്രാധിപസമിതി അംഗങ്ങൾ, ഇന്നുകാണുന്ന വർണാഭമായ പുറംചട്ടയില്ലാതെയാണ് 2008 സെപ്റ്റംബർ വരെ പാലിയം ഇന്ത്യയുടെ പത്രിക പുറത്തിറങ്ങിയത്. വർണാഭമായ ഒക്ടോബർ ലക്കം മാസിക ഏറെ ശ്രദ്ധിക്കപ്പെട്ടു. പാലിയംഇന്ത്യയുടെ സഹയാത്രികരും അഭ്യുദയകാംഷികളും നെഞ്ചിലേറ്റിയ മുഖപത്രത്തിന് ഈ ജനുവരിയിൽ 6 വയസാകുമ്പോൾ ഞങ്ങൾ കൃതാർത്ഥതയോടെ പഴയലക്കങ്ങളിലെ ചില ഏടുകൾ വായനക്കാരുടെ ഓർമ്മക്കായി തുറക്കുകയാണ്.



പിന്നീടാണ് വേദന തുടങ്ങിയത്. ശരീരത്തിനു
ചുറ്റും വയറിനു മുകളിലായി, കമ്പി കുത്തിയിറ
ക്കുന്നതുപോലെയുള്ള വേദന. ഒന്നല്ല നിരവധി
കമ്പികൾ ശരീരത്തിനു ചുറ്റും കുത്തിയിറക്കുന്ന
തുപോലെ; രാത്രിയും പകലുമെല്ലാം. ആറുമാസ
മായി ഇതനുഭവിച്ചു കിടക്കുകയാണ്. ആരോടു
പറയാൻ? മെഡിക്കൽകോളേജിലെ ഡോക്ടർ പറ
ഞ്ഞതാണല്ലോ ഒന്നും ചെയ്യാനില്ല എന്ന്.
അടുത്ത ആശുപത്രിയിൽ പോകണമെങ്കിലും
നാലുപേരെങ്കിലും വേണം എന്നെ ചുമക്കാൻ.
കാറു പിടിക്കാനും മറ്റുമുള്ള ധനസ്ഥിതിയും തീരെ
മോശം. പിന്നെ വിചാരിച്ചു സഹിക്കുക തന്നെ."
ഇത്രയും പറഞ്ഞ് അദ്ദേഹം നിർത്തി. കണ്ണുനീർ
ധാരധാരയായി വരുന്നതുകണ്ടപ്പോൾ, ഞങ്ങളു
ടെയും കണ്ണുകൾ ഈറനണിഞ്ഞു. അപ്പോഴാണ്
ഞാനത് ശ്രദ്ധിച്ചത് – അദ്ദേഹത്തിന്റെ ഇടതുകൈ
ശോഷിച്ചുപോയിരിക്കുന്നു. മാത്രമല്ല, ഇടതുകൈ
യുടെ വിരലുകളും, കൈക്കുഴയും ഉറച്ചുപോയി
രിക്കുന്നു. നട്ടെല്ലിനു ക്ഷതം വന്ന രോഗിയുടെ
കൈകൾ ഉറച്ചുപോകാമെന്ന്, ഞാൻ പഠിച്ച
വൈദ്യശാസ്ത്രത്തിലൊന്നും വായിച്ചതായി
ഓർക്കുന്നില്ല. പിന്നെ എന്തേ ഇങ്ങനെ സംഭവി
ക്കാൻ? അവസാനം ഗോപാലനോടു തന്നെ
ചോദിച്ചു. "എന്തുപറ്റി കൈയ്ക്ക്?" മറുപടി പറ
ഞ്ഞതിങ്ങനെ. "ഡോക്ടറേ, കഴിഞ്ഞ ആറുമാസ
മായി ഞാൻ വേദന തിന്നുകയാണ്. രാവിലെ
ഭാര്യ ജോലിക്കുപോകുന്നതിനു മുമ്പ് എന്നെ ചരി
ച്ചുകിടത്തിയിട്ടുപോകും. തനിയെ ചരിയാനോ
തിരിയാനോ എനിക്കാവില്ലല്ലോ; വൈകിട്ട് അവൾ
വന്നിട്ടുവേണം എന്നെ ഒന്നുമാറ്റിക്കിടത്താൻ.
അതുവരെ വിധിയെയും പഴിച്ചുകൊണ്ട് ഞാനീ
കൈ തലയ്ക്കടിയിൽ വച്ചു കിടക്കുകയല്ലാതെ
എന്തുചെയ്യാൻ?"

ഒരു പുതിയ പാഠമാണ് അദ്ദേഹം എനി
ക്കന്ന് നൽകിയത്. മെഡിക്കൽകോളേജിൽ പഠി
ക്കുമ്പോഴും, അവിടെ ജോലി ചെയ്യുമ്പോഴു
മൊന്നും ഇങ്ങനെയുള്ള രോഗികളെ എങ്ങനെ
പരിചരിക്കണം എന്നൊന്നും എന്നെ ആരും പഠി
പ്പിച്ചിട്ടില്ല. "ഞങ്ങൾക്കൊന്നും ചെയ്യാനില്ല ഇനി
വീട്ടിലേക്കു പൊയ്ക്കൊള്ളൂ" എന്ന ക്രൂരമായ
വാക്കുകളല്ലാതെ മറ്റൊന്നും ഇതുപോലെയുള്ള
രോഗികൾക്ക് നൽകാനും പറ്റിയിട്ടില്ല. പക്ഷേ
പാലിയേറ്റീവ് കെയറിൽ പരിശീലനസമയത്തും
അതിനുശേഷവും ഒരു സത്യം എനിക്കു മനസ്സി
ലാക്കാൻ പറ്റി. രോഗം ചികിത്സിച്ചു മാറ്റാൻ പറ്റി
യില്ലെങ്കിലും പിന്നെയും വൈദ്യശാസ്ത്രത്തിനു
പലതും ചെയ്യാൻ പറ്റും എന്ന വലിയ ഒരു
യാഥാർത്ഥ്യം.

രണ്ടു മണിക്കൂറോളം ഗോപാലന്റെ വീട്ടിൽ
ചെലവഴിച്ച് ഞങ്ങൾ യാത്രയായി. ഇതിനിടയ്ക്കു
മറ്റു ബുദ്ധിമുട്ടുകളെക്കുറിച്ചും അദ്ദേഹം
പറഞ്ഞു: കഴിഞ്ഞ 6 ആഴ്ചകളായിട്ടുള്ള മലബ
ന്ധം, വിശപ്പില്ലായ്മ, നടുവിലും മുതുകിലുമുള്ള
ശയ്യാവ്രണങ്ങൾ, പറക്കമുറ്റാത്ത കുട്ടികളെക്കുറി
ച്ചുള്ള ആധി. ഒരുപാടു സുഹൃത്തുക്കൾ ഉണ്ടായി
രുന്നുവെങ്കിലും ഇപ്പോൾ ആരും വന്നു കാണു

ന്നില്ലല്ലോ എന്ന വിഷമം. എന്തേ ദൈവം എനിക്കിങ്ങനെ ഒരുശിക്ഷ തന്നു എന്ന മനഃപ്രയാസം. അദ്ദേഹം പറഞ്ഞതെല്ലാം ഞങ്ങൾ ശ്രദ്ധാപൂർവ്വം കേട്ടു. ഗ്ലൗസുകളണിഞ്ഞ് (കൈയ്യുറ) ഗോപാലന്റെ കട്ടിപിടിച്ച മലം കൈകൾ കൊണ്ട് പുറത്തേക്കു മാറ്റുമ്പോഴൊന്നും ഒരു അനിഷ്ടവും, വെറുപ്പും ഞങ്ങളുടെ സേവനനിരതരായ നഴ്സുമാരുടെ മുഖത്തു കണ്ടതേയില്ല. വേദനയ്ക്കും മറ്റു ബുദ്ധിമുട്ടുകൾക്കുമുള്ള മരുന്നുകളും, നിർദ്ദേശങ്ങളും ഞങ്ങൾ അദ്ദേഹത്തിനു നൽകി. യാത്ര പറയാൻ നേരം, എന്റെ കൈകളിൽ അമർത്തിപ്പിടിച്ചുകൊണ്ട് ഗോപാലൻ ഇങ്ങനെ പറഞ്ഞു: "നന്ദി ഡോക്ടർ, വളരെ നന്ദി. ഇപ്പോൾ എന്റെ വേദന ഒരുപാടു കുറഞ്ഞതുപോലെ. എനിക്കൊരു ധൈര്യം കിട്ടിയതുപോലെ. എനിക്കുതോന്നുന്നു ഞാനിപ്പോൾ ഒറ്റയ്ക്കല്ല എന്ന്. ഇനി എന്നാ നിങ്ങളെല്ലാവരും വരുന്നത്? "

അതിനുശേഷം പല പ്രാവശ്യം ഞങ്ങളുടെ പാലിയേറ്റീവ് കെയർ ടീം അവിടെ പോവുകയുണ്ടായി. ഇപ്പോൾ ഗോപാലന് തീരെ വേദനയില്ല. ശാരീരികമായ മറ്റ് അസ്വാസ്ഥ്യങ്ങൾ കുറഞ്ഞു. മേൽക്കൂരയിൽനിന്നും കെട്ടിത്തൂക്കിയ കയറിൽ പിടിച്ച് ഇരിക്കാനും, വ്യായാമങ്ങൾ ചെയ്യാനും ശ്രമിക്കാറുണ്ട്. ഞങ്ങൾ കൊടുത്ത വീൽചെയറിൽ കുറച്ച് മണിക്കൂറുകൾ ഇരിക്കാനും, പുറം ലോകം കാണാനും അദ്ദേഹത്തിനു സാധിക്കുന്നു. പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഞങ്ങൾ നൽകിയ പശുവിന്റെ പാൽ വിറ്റ് വലിയ ബുദ്ധിമുട്ടില്ലാതെ ജീവിക്കാൻ അദ്ദേഹത്തിനും കുടുംബത്തിനും സാധിക്കുന്നുണ്ട്.

എന്നാലും ഒരു വിഷമം ബാക്കിയുണ്ട് ഗോപാലന്, "ഞാനൊന്നും ചെയ്യുന്നില്ലല്ലോ! എനിക്ക് എന്തെങ്കിലും ജോലി ചെയ്യാൻ പറ്റുമായിരുന്നെങ്കിൽ!"

"ചെറിയ പേപ്പർ കവറുകൾ ഉണ്ടാക്കാൻ പറ്റുമെങ്കിൽ അതു ചെയ്തുകൂടേ" എന്നു ചോദിച്ചപ്പോൾ ദൃഢസ്വരത്തിൽ ഗോപാലൻ പറഞ്ഞു: "എനിക്കുപറ്റും ഡോക്ടർ; ഞാനതു ചെയ്യാം."

ഗോപാലന്റെ ആ ആത്മവിശ്വാസത്തിനു പിന്നിൽ പാലിയേറ്റീവ് കെയറിന് ഒരു വലിയ പങ്ക് ഇല്ലേ?

***(ഈ ലേഖനത്തിലെ കഥാപാത്രങ്ങൾ യഥാർഥ്യമാണെങ്കിലും പേരുകൾ സാങ്കല്പികമാണ്.)***

*(2008 സെപ്തംബർ)*

*With Best Compliments from*

**M/S KAAIZEEN MEDITECH PVT LTD.**

Off: ZD - Church Square
Ernakulam, Kadavanthara
Kochi - 682 020

Distributors for Syringe Pumps Infusion Pumps




*പാലിയേറ്റീവ് കെയർ പ്രവർത്തകർക്കുള്ള പംക്തി.*

# എൻ.എസ്.എ.ഐ.ഡി കളെ പറ്റി വീണ്ടും

ഒരു പാലിയേറ്റീവ് കെയർ ഡോക്ടറുടെ സംശയമാവട്ടെ ഇത്തവണ വിഷയം.

**"എന്റെ സഹപ്രവർത്തകനായ ഓങ്കോളജിസ്റ്റിന് എൻ.എസ്.എ.ഐ.ഡി കൊടുക്കുന്നതിഷ്ടമില്ല. വേണമെങ്കിൽ മോർഫിൻ കൊടുത്തോളു എന്നാണ് പറയുന്നത്. ചില രോഗികൾക്കാണെങ്കിൽ എൻ.എസ്.എ.ഐ.ഡി കൊടുക്കാതെ വേദന മാറുന്നുമില്ല."**

ആ ഓങ്കോളജിസ്റ്റിന്റെ അഭിപ്രായത്തിൽ കാര്യമുണ്ട്. ചിലർക്കെങ്കിലും എൻ.എസ്. എ.ഐ.ഡി വർഗ്ഗത്തിലെ മരുന്നുകൾ (പാരാസെറ്റമോൾ ഒഴികെ) കാര്യമായ ഉപദ്രവം ചെയ്തേക്കാം. ലോകാരോഗ്യസംഘടനയുടെ കോണിയുടെ ആദ്യ പടിയിൽ സാധാരണയായി പാരസെറ്റാമോൾ ഉപയോഗിക്കുന്നതാവും നല്ലത്.

**പാരാസെറ്റമോൾ എത്ര കൊടുക്കുന്നതാവും ശരി?**

12 mg/Kg 4- 6 മണിക്കൂർ വീതം എന്നത് ഒരു പൊതുതത്വമായെടുക്കാം. രണ്ടു മൂന്നു ദിവസത്തേക്ക് വേണമെങ്കിൽ 15 mg/Kg ആയാലും തരക്കേടില്ല.

**എന്നാലും ചിലർക്ക് പാരാസെറ്റമോൾ മതിയാവില്ല. മോർഫിൻ കൂട്ടാമെന്നു വച്ചാൽ - പ്രത്യേകിച്ചും വായിലോ എല്ലിലോ കാൻസർ ഉള്ളവർക്ക് - മയക്കം കൂടുകയും ഡെലിറിയം ഉണ്ടാവുകയുമൊക്കെ ചെയ്യുന്നു.**

അതും ശരിയാണ്. ഇൻഫ്ളമേഷൻ കൂടുതലുണ്ടാവുമ്പോൾ പാരാസെറ്റമോൾ അല്ലാത്ത എൻ.എസ്.എ.ഐ.ഡി കൊണ്ട് നല്ല ആശ്വാസം കിട്ടാം. മറ്റൊന്നും അത്ര ഫലിച്ചെന്നും വരില്ല. ഓങ്കോളജിസ്റ്റുമായി വീണ്ടും ഒന്നു ചർച്ച ചെയ്തു നോക്കിയാലോ? ഇഷ്ടമില്ലാത്ത മരുന്ന് ആവുന്നിടത്തോളം ഒഴിവാക്കാം; വേറെ നിവൃത്തിയില്ലാത്തപ്പോൾ മാത്രം കൊടുക്കാം, എന്ന്.

**"അങ്ങിനെ കൊടുക്കുമ്പോൾ ഏത് എൻ.എസ്.ഹ.ഐ.ഡി. യാണ് നല്ലത്?"**

400 mg മൂന്നു നേരം എന്ന കണക്കിൽ ഐബുപ്രോഫൻ കൊടുക്കുന്നതാവും നല്ലത്.

**"ഡൈക്ളോഫെനാക് ആയാലോ?"**

കുറച്ചു ദിവസത്തേയ്ക്കാണെങ്കിൽ കുഴപ്പമില്ല. നീണ്ട കാലം കൊടുക്കണമെങ്കിൽ ഒഴിവാക്കുന്നതായിരിക്കും നല്ലത്. പഴയ റോഫികോക്സിബിനൊപ്പം തന്നെ ഹൃദയ-മസ്തിഷ്കാഘാതം കൂട്ടാനുള്ള കഴിവ് ഡൈക്ലോഫെനാക്കിനുണ്ടെന്നാണ് പഠനങ്ങൾ കാണിക്കുന്നത്.

**എറ്റോറികോക്സിബ് നല്ലതല്ലേ?**


രക്തസ്രാവമുള്ളവർക്ക്, അല്ലെങ്കിൽ അതിനു സാധ്യതയുള്ളവർക്ക്, അതുപയോഗിക്കാം. ആമാശയത്തിൽ വ്രണമുണ്ടാക്കാനുള്ള സാധ്യതയും ഐബുപ്രോഫനെക്കാൾ കുറവായിരിക്കും. പക്ഷേ വൃക്കയ്ക്ക് കേടുണ്ടാവാനുള്ള സാധ്യത ഐബുപ്രോഫനോടൊപ്പം തന്നെ ഇതിനുമുണ്ട്. നീണ്ടകാലം കൊടുക്കണ്ട. ഹൃദയ-മസ്തിഷ്കാഘതത്തിന് സാധ്യത കൂടും. വിലയും കൂടുതലല്ലേ?

പിന്നെ രോഗിയുടെ നന്മയെപ്പറ്റി താങ്കൾക്കും സഹപ്രവർത്തകനായ ഓങ്കോളജിസ്റ്റിനുമുള്ള ശ്രദ്ധയ്ക്ക് അഭിനന്ദനങ്ങൾ.

# ഇടനാഴിയിൽ ഒരു മുഖം

**റാണിജോർജ്,**
**26. കെ.കെ.പി. നഗർ,**
**യു.സി.കോളേജ് പി.ഒ. ആലുവ**

പാലിയേറ്റീവിന്റെ ഇടനാഴികളിലൂടെയുള്ള യാത്രകളിൽ കണ്ടുമുട്ടുന്ന മുഖങ്ങൾ അത്രവേഗം ആർക്കും മറക്കാനാവില്ല. കാരണം ഓരോ മുഖവും അത്ര ഹൃദയസ്പർശിയാണ്. പറഞ്ഞാൽ തീരാത്ത കഥകളുണ്ടവരുടെ മനസ്സിൽ. നമുക്കല്പം സമയം കൊടുക്കാനുണ്ടെങ്കിൽ അവയെല്ലാം കെട്ടു പൊട്ടിപുറത്തുവരും. വേദനകൾ കടിച്ചമർത്തുന്നവരെയും ചിരിച്ചു കൊണ്ടു നേരിടുന്നവരെയും അമർഷത്തിന്റെ മൂർത്തീഭാവങ്ങളെയും ഇടയ്ക്കു കണ്ടുമുട്ടുന്നു. ഏതു വിഷമ സന്ധിയിലും മനുഷ്യൻ ജീവിക്കാനാഗ്രഹിക്കുന്നു എന്നതാണു സത്യം. മരിച്ചാൽ മതി എന്നു പറയുന്നവരും മരണത്തെ ഭയപ്പെടുന്നതായി കാണുന്നു. ആഴ്ച തോറും സാന്ത്വനകേന്ദ്രത്തിലേക്കുള്ള യാത്രതന്നെ രോഗികളുടെ ഒരുതരം ആത്മസംതൃപ്തി തോന്നിക്കുന്നു. ഡോക്ടറുടെ പരിശോധനയിൽ, ആശ്വാസ വാക്കുകളിൽ, സിസ്റ്റർമാരുടെ പരിചരണത്തിൽ, വോളണ്ടിയർമാരുടെ നല്ല വാക്കുകളിൽ അവരുടെ വേദനകൾ താല്ക്കാലികമായെങ്കിലും മറക്കാൻ സാധിക്കുന്നു.



എവിടെയും വ്യക്തിത്വങ്ങൾ വ്യത്യസ്തങ്ങളാണല്ലോ. "എനിക്കു കാൻസറാണ്. അവനെ ഞാൻ ധൈര്യത്തോടെ നേരിടു"മെന്ന് മാധ്യമത്തിലൂടെ, മൈക്കിൽ വിളിച്ചു പറയുന്ന മഹാനടൻ ഇന്നസെന്റിനെയും, കാൻസറിനെ നർമ്മത്തിന്റെ മർമ്മരത്തിൽ ചാലിച്ച് പൊട്ടിച്ചിരിക്കുന്ന ക്രിസോസ്റ്റം തിരുമേനിയെയും ആരാധകരുടെ ദൃഷ്ടിയിൽ പെടാതെ അഞ്ജാതവാസത്തിനു ശേഷം, ചികിത്സകളുടെ മടുപ്പിൽ നിന്നുയർത്തെണീറ്റ് പൂമ്പാറ്റയെപ്പോലെ പറന്നു നടക്കുന്ന മമ്തയെയും, പൊട്ടിച്ചിരിച്ചും ചിരിപ്പിച്ചും നടന്ന ഹാസ്യസമ്രാട്ട് ജഗതിയെയും നമ്മൾ കണ്ടുകഴിഞ്ഞു. ജഗദീശ്വരന്റെ കാരുണ്യം ഇവർക്കെല്ലാം ഉണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

ഈയടുത്ത കാലത്ത് അൻവർ മെമ്മോറിയൽ പാലിയേറ്റീവ് ക്ലിനിക്കിൽ വച്ച് വ്യത്യസ്തമായ ഒരു മുഖം കാണാനിടയായി. കൂലിപ്പണിയുമായികഴിഞ്ഞിരുന്ന കുടുംബത്തിൽ ഇപ്പോൾ ഒറ്റപ്പെട്ടവളായിത്തീർന്ന, അക്ഷരാഭ്യാസമില്ലാത്ത സുധയെന്നൊരുപാവം പെണ്ണ്. മാതാപിതാക്കൾ ചെറുപ്പത്തിലേ നഷ്ടപ്പെട്ടിട്ടും കൂലിപ്പണി ചെയ്ത് വികലാംഗനായ സഹോദരനെ യൗവ്വനം വരെ വളർത്തിയെടുത്തു. അവനൊരു ജീവിതം ഉറപ്പാക്കാൻ വേണ്ടി ഉണ്ടായിരുന്ന നാലുസെന്റും വീടും അവന്റെ പേരിൽ എഴുതി വച്ചു. ഉപജാപങ്ങളിലൂടെ ആ സ്ഥലവും വീടും ആരോ കൈക്കലാക്കി. അതോടൊപ്പം സഹോദരനും അപ്രത്യക്ഷനായി. ചതിയുടെ വേദനയിൽ സുധ സഹോദരൻ എവിടെയെന്നുപോലും അന്വേഷിച്ചില്ല. അതിനിടയിൽ അശനിപാതം പോലെ സുധയ്ക്ക് ബ്രസ്റ്റ്കാൻസർ തിരിച്ചറിഞ്ഞു. അപ്പോഴും പതറാതെ എറണാകുളം ജനറൽ ആശുപത്രിയിൽ ഓപ്പറേഷനും തുടർ ചികിത്സകളും ചെയ്തു അതിൽ നിന്നും പിടിച്ചുകേറി. ഇന്നും പാലിയേറ്റീവ് ചികിത്സകൾ തുടരുന്നു. തനിക്കു പറ്റുന്ന വീട്ടു ജോലികൾ ചില വീടുകളിൽ ചെയ്ത് ഉപജീവനം നടത്തുന്നു. ഈ പ്രാരാബ്ധങ്ങൾക്കിടയിൽ മരണാനന്തരം തന്റെ കണ്ണുകൾ നേത്രബാങ്കിനും, ശരീരം മെഡിക്കൽ വിദ്യാർത്ഥികൾക്ക് പഠിക്കാനും ദാനം ചെയ്യുന്നതായിട്ടുള്ള എല്ലാ നിയമരേഖകളും പൂർത്തിയാക്കി പാലിയേറ്റീവ് ക്ലിനിക്കിൽ ഏല്പിച്ച് മരണത്തെയും ധൈര്യമായി സ്വാഗതം ചെയ്യുന്ന ഒരു അപൂർവ വ്യക്തിത്വം. ചികിത്സാ സമയങ്ങളിൽ ഗവൺമെന്റിൽ നിന്ന് തനിക്കർഹമായ ആനുകൂല്യങ്ങളും നേടിയെടുത്തു. സാധാരണയായി ഇതുപോലെ ഒരവസ്ഥയിൽ ‘എന്നെ ആരെങ്കിലും സഹായിക്കണേ’ എന്നു കരയാനേ ഒരു സ്ത്രീക്കു സാധിക്കൂ. സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് ഒരു സർട്ടിഫിക്കറ്റ് നേടിയെടുക്കണമെങ്കിൽ തന്നെ എന്തു പ്രയാസം.

മദ്ധ്യവയസ്സിലെത്തിയിരിക്കുന്ന, ഹൃദ്രോഗിയും കൂടിയായ സുധയ്ക്ക് ഇപ്പോൾ ഒരാഗ്രഹം, സർക്കാരിൽ നിന്ന് 3 സെന്റ് സ്ഥലം കിട്ടിയാൽ ഒരു കൂര വയ്ക്കണം. ഒരു പക്ഷെ സഹോദരനോടുള്ള ഒരു വെല്ലുവിളിയാകാം. കുന്നോളം ആഗ്രഹിച്ചിട്ട് കുന്നിക്കുരുവോളം കിട്ടിയെങ്കിലോ? (കഥകളെല്ലാം സുധ പറഞ്ഞറിഞ്ഞിട്ടുള്ളതുമാത്രം. സത്യാന്വേഷണങ്ങൾക്ക് തുനിഞ്ഞിട്ടില്ല.)

(ആലുവ അൻവർ മെമ്മോറിയൽ പെയിൻ & പാലിയേറ്റീവ് കെയർ ക്ലിനിക്കിലെ വോളണ്ടിയറാണ് ലേഖിക)


സഹയാത്രയ്ക്ക്
സാന്ത്വനം

കേരളശബ്ദം




*ഉറ്റവരെ നഷ്ടപ്പെട്ടവരുടെ കൂട്ടായ്മ,*

# ഉയിർത്തെഴുന്നേൽപിന്റെ ഉണർവ്

കുട്ടികളുടെ ശബ്ദത്താൽ മുഖരിതമായ, നിറഞ്ഞുകവിഞ്ഞ ഹാൾ. വേനലവധി തുടങ്ങിയതിനാലാവാം ഇത്തവണ 'ഉണർവിൽ കുട്ടികളുടെ പങ്കാളിത്തം കൂടുതലായിരുന്നു. നവാഗതനായ സജീർ സ്വയം പരിചയപ്പെടുത്തി. സജീറിന്റെ സഹോദരീഭർത്താവാണ് കാൻസർ ബാധിതനായിഅകാലത്തിൽ വിടപറഞ്ഞത്. റീന ഇത്തവണയും മക്കളുമായി (വിവേകും വൈശാഖും) വന്നിരുന്നു. 'അച്ഛന്റെ കാര്യംപറഞ്ഞ് അമ്മ കരയാനാണ് ഭാവമെങ്കിൽ ഞങ്ങൾ ഹാളിൽനിന്ന് ഇറങ്ങിപ്പോകു'മെന്ന മക്കളുടെ ഭീഷണി ഫലിച്ചുവെന്നുതോന്നുന്നു. ഇത്തവണ റീനയുടെ ദുഃഖം അണപ്പൊട്ടിയൊഴുകിയില്ല. ഭർത്താവിനെ ചികിത്സിപ്പിച്ച് കഷ്ടപ്പെടുത്തിയ ഡോക്ടറോടുള്ള വിദ്വേഷം റീനയുടെ മനസ്സിൽ ഉമിത്തീപ്പോലെ നീറുന്നുവെന്ന് അവരുടെ മുഖഭാവത്തിൽ നിന്ന് വ്യക്തമായിരുന്നു, റീനയുടെ ഉള്ളിലെ നീറ്റൽ തികച്ചും സ്വാഭാവികമാണെന്ന് 'ഉണർവ്' തിരിച്ചറിഞ്ഞു. എങ്കിലും അത് അവരുടെ സ്വാസ്ഥ്യത്തെ പ്രതികൂലമായി ബാധിക്കാനിടയുള്ളതിനാൽ അതിന്റെ തീവ്രത കുറച്ചു കൊണ്ടുവരേണ്ടതിന്റെ ആവശ്യകത ഉണർവിലെ മുതിർന്ന അംഗങ്ങൾ ചൂണ്ടിക്കാണിച്ചു.

തുടർന്ന് പാലിയം ഇന്ത്യയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ.സജി ജോർജ് വിശദമായി ഈസ്റ്ററിന്റെ പ്രധാന്യവും ഉണർവുപോലുള്ള ഒരു കൂട്ടത്തിൽ അതിന്റെ പ്രസക്തിയും വിവരിച്ചു. ഈസ്റ്റർ ഒരു കണക്കെടുപ്പിനുള്ള അവസരമാണ്. കഴിഞ്ഞുപോയ ജീവിതാനുഭവങ്ങളുടെ, കണ്ണീരിന്റെയും പുഞ്ചിരിയുടെയും കണക്കെടുപ്പ്. ഈസ്റ്റർ നൽകുന്ന സഹനത്തിന്റെയും പ്രത്യാശയുടെയും സന്ദേശം ഉണർവിൽ പങ്കെടുക്കുന്നവർക്ക് പ്രതീക്ഷയ്ക്ക് വക നൽകുന്നതായിരുന്നു. ഏതു പീഢാനുഭവത്തിനു ശേഷം ഒരു ഉയർത്തെഴുന്നേൽപ് അനിവാര്യമാണെന്നത് യേശുദേവന്റെ ചരിത്രം നമ്മെ പഠിപ്പിക്കുന്നു. കൂരിരുളിനു ശേഷവും വരുന്ന പ്രകാശകിരണങ്ങൾ എല്ലാവരുടേയും ജീവിതത്തിൽ പ്രകാശം ചൊരിയട്ടെ എന്ന് അദ്ദേഹം ആശംസിച്ചപ്പോൾ ദുഃഖത്തിന്റെ അന്തരീക്ഷം സന്തോഷത്തിനും പ്രത്യാശയ്ക്കും വഴിമാറി. കുമാരി മീനാക്ഷി ആലപിച്ച ഗാനങ്ങൾ എല്ലാവരേയും സന്തോഷിപ്പിച്ചു. പിരിയുന്നതിനുമുമ്പ് എല്ലാവരും കൈകോർത്ത് പിടിച്ച് ചിരിയുടെ ഒരു മാസ്മരികവലയം തീർത്തു. റീനയുടെ മുഖത്തും ആ ചിരിയുടെ അലകൾ പടർന്നുവെന്നത് അംഗങ്ങൾക്ക് ഏറെ ആത്മസംതൃപ്തി നൽകി.

**റിപ്പോർട്ട് : എസ്. ലീലാദേവി**



# അയാളും ഞാനും തമ്മിൽ

18

(ഒരു സിനിമയുടെ പേരാണെങ്കിലും ഇതിന് സിനിമയുമായി ബന്ധമില്ല.)

അഞ്ചു വർഷം മുമ്പാണ് ഞാനയാളെ ആദ്യമായി കാണുന്നത്.

രാത്രി ഏഴരയ്ക്കുള്ള ആക്കുളം-ചാവടിമുക്ക് ബസിൽ ഉള്ളൂരിൽ നിന്നുള്ള സ്ഥിരയാത്രക്കാരായിരുന്നു അയാളും ഞാനും.

അമിതമായി മദ്യപിച്ചിട്ടാവും അയാളുടെ വരവ്.

പുറകിലെ വാതിലിലൂടെ വേച്ചുവേച്ചു കയറി ബസിന്റെ മുൻഭാഗത്തേക്കു നീങ്ങുന്നതോടെ അയാളുടെ സാന്നിധ്യം യാത്രക്കാർ അറിയും.

പിന്നീട് മുൻഭാഗത്തെ വാതിൽപടിയിൽ ചുരുണ്ടുകൂടും. ഒഴിഞ്ഞ സീറ്റുണ്ടെങ്കിലും അവിടിരിക്കില്ല. ചെറുവയ്ക്കൽ സ്റ്റോപ്പുവരെ പാട്ടും കൂത്തുമായിരിക്കും. എന്നിരിക്കിലും കൃത്യമായിടിക്കറ്റെടുക്കുവാൻ അയാൾ ശ്രദ്ധിച്ചിരുന്നു.

അയാളുടെ ഉച്ചത്തിലുള്ള പാട്ടും ബഹളവും ആദ്യമൊക്കെ എനിക്കസഹ്യമായി തോന്നിയിരുന്നു.

മദ്യത്തിന്റെ കനച്ച ഗന്ധം കലർന്ന പുഴുത്ത തെറികൾ പതുക്കെ പതുക്കെ എനിക്ക് ഹൃദ്യമായിത്തുടങ്ങി. നരച്ചു നീണ്ട താടി തടവിക്കൊണ്ടുള്ള ആ രൂപം മനസ്സിൽ ആഴത്തിൽ പതിഞ്ഞു.

ദിവസങ്ങൾ കഴിയുന്തോറും ഞാനയാളെ കൂടുതൽ ശ്രദ്ധിക്കാൻ തുടങ്ങി.

പ്രായം അറുപത്തിഅഞ്ചിനോടടുത്ത്.

മുഷിഞ്ഞുനാറുന്ന ലുങ്കിയും ഷർട്ടും തലയിൽ ഒരു കെട്ടും. പുകയിലക്കറ പിടിച്ച പല്ലുകൾ പുറത്തുകാട്ടി ചിരിക്കുമ്പോൾ വമിക്കുന്ന ദുർഗന്ധം എന്നെ പലപ്പോഴും മത്തുപിടിപ്പിച്ചു വെന്നതാണ് സത്യം.

'സാറെ ഒരു നല്ല കുടുംബത്തിലെ അംഗമായിരുന്നു. സ്വന്തം പേരിലുണ്ടായിരുന്ന വസ്തുവകകൾ മുഴുവൻ വിറ്റു തുലച്ചു. ഇപ്പോൾ കടത്തിണ്ണയിലാണ് ഉറക്കം. മദ്യത്തിന്റെ കെട്ടു വിടുന്നതുവരെ ചീത്ത വിളി തുടരും. അധികം അടുക്കാതിരിക്കുന്നതാ നല്ലത്.'



ഡോ. എൻ.അജയൻ
dr.ajayankoodal@gmail.com
+91 9447324846

സൗമ്യസ്റ്റോറുടമ മോഹനേട്ടൻ വെറു പ്പോടെയാണ് അയാളുടെ ചരിത്രം വിളമ്പിയത്.

അയാളുടെ പേരും ഞാൻ മനസ്സിലാക്കി: രാമു.

എന്തുകൊണ്ടോ രാമുവിനോടുള്ള അടുപ്പം കൂടുകയായിരുന്നു.

വെളുപ്പിനു നടക്കാൻ പോകുമ്പോഴൊക്കെ രാമു സ്വന്തമാക്കിയ കടത്തിണ്ണയും രാമുവിനെയും ഞാൻ അലക്ഷ്യമെന്നു തോന്നും വിധം സൂക്ഷ്മ മായി നിരീക്ഷിക്കുവാൻ ശ്രദ്ധിച്ചുപോന്നു.

തലേന്നു കാട്ടിക്കൂട്ടിയ വിക്രിയകൾ മറന്നുള്ള അയാളുടെ ഉറക്കം എനിക്കിഷ്ടമായിരുന്നു. സൂര്യൻ ഉദിച്ചുയർന്ന് ആസനത്തിൽ പതിക്കു മ്പോഴാണ് രാമു ഉണരുക. ഉണർന്നാലുടൻ മദ്യം കൊണ്ടു പല്ലുതേക്കുമെന്നു പറഞ്ഞാൽ അതിശ യോക്തിയല്ല.

വർഷങ്ങൾ കൊഴിഞ്ഞു കൊണ്ടിരുന്നു.

ഇന്ന് രാമു ഏറെ അവശനായിക്കഴിഞ്ഞിരി ക്കുന്നു. വാർദ്ധക്യത്തിന്റെ ചുളിവുകൾ ദേഹമാ സകലം പടർന്നിരിക്കുന്നു, കൺപോളകൾ വീർത്തു തൂങ്ങിത്തുടങ്ങി. കാൽമുട്ടുകളിൽ നീർക്കെട്ടുണ്ട്.

ഞാൻ ഇടക്കിടെ അയാളുടെ കൈവെള്ള യിൽ തിരുകിയ നോട്ടുകളിൽ സൗഹൃദം സുദൃ ഢമായത് സ്വാഭാവികം മാത്രം. ഒരു തെറിവിളി എന്നും ഞാൻ പ്രതീക്ഷിച്ചിരുന്നു. പക്ഷേ, ഒരി ക്കലും അതുണ്ടായിട്ടില്ല.

ഈയിടെയായി കടത്തിണ്ണയിൽ തന്നെ യാണ് പകലന്തിയോളം. മദ്യപാനത്തിനു മാത്രം മുടക്കം വരുത്തിയില്ല. ആരും അയാളെ തിരിഞ്ഞു നോക്കിയതുമില്ല. പക്ഷേ മദ്യപസുഹൃത്തുക്കൾ പൂർണമായും രാമുവിനെ കൈവിട്ടിരുന്നില്ല.

ഒരു ദിവസം ഞാൻ വിചിത്രമായ ഒരു കാഴ്ച കണ്ടു. രാജു ഛർദ്ദിക്കുന്നു, കൈയിൽ മദ്യം നിറച്ച ഒരു ഗ്ലാസ്സുണ്ട്. ഒരു പ്രാവശ്യം വാളുവയ്ക്കുമ്പോൾ രണ്ടുകവിൾ വീണ്ടും അകത്താക്കും. പിന്നീട് ചുണ്ടു കൾ വക്രിച്ചുകൊണ്ടു ചിരിക്കും. ഒരു പക്ഷേ ഇയാ ളുടെ ബോഡി സർവീസിംഗ് ഇങ്ങനെയായിരിക്കും എന്നു ഞാൻ സമാധാനിച്ചു.

തൊട്ടടുത്ത ദിവസം രാവിലെ നടക്കാനിറങ്ങി കടത്തിണ്ണയുടെ മുമ്പിലെത്തിയപ്പോൾ രാമുവുണ്ടാ യിരുന്നില്ല, മനസ്സിലൊരു കൊള്ളിയാൻമിന്നി.

തിരിച്ചു നടന്നു. സൗമ്യസ്റ്റോഴ്സിലെ മോഹ നേട്ടനോട് അല്പം ജാള്യതയോടെ രാമുവിന്റെ കാര്യം അന്വേഷിച്ചു. തലേന്ന് രാത്രി ഒരു ബൈക്കിടിച്ച് രാമുവിന്റെ കാലൊടിഞ്ഞെന്നും '108' ആംബുലൻസിൽ മെഡിക്കൽ കോളേജിലെത്തിച്ചുവെന്നും ഉറ്റവരാരുമില്ലാത്തതി നാൽ ജനറൽ ആശുപത്രിയിലെ 9-ാം വാർഡി ലാണെന്നും അറിഞ്ഞപ്പോൾ ദുരൂഹമായ ഒരാ ശ്വാസം തോന്നി; ഒപ്പം അല്പം ആശങ്കയും.





# പാലിയം വാർത്തകൾ

പാലിയം വാർത്തകൾ
പാലിയം വാർത്തകൾ

## ഒരു ബിരുദദാനച്ചടങ്ങിൽ നിന്ന്

തലശ്ശേരി നഴ്സിങ് കോളേജിൽ നിന്ന് ബി.എസ്സ്.സി (നഴ്സിങ്ങ്) ഡിഗ്രി നേടിയ 35 വിദ്യാർത്ഥികൾ 2013 മാർച്ച് 16 ന് നടന്ന ബിരുദദാനച്ചടങ്ങിൽ വച്ച് കണ്ണൂർ യൂണിവേഴ്സിറ്റിയുടെ പ്രൊ–വൈസ് ചാൻസലർ ശ്രീ. എ. പി. കുട്ടിക്കൃഷ്ണനിൽ നിന്ന് ബിരുദം കൈപ്പറ്റി. 35 വിടർന്ന മുഖങ്ങളിൽ സന്തോഷവും ആശയും പ്രതീക്ഷയും  പ്രകടമായിരുന്നു.

ചടങ്ങിലെ പ്രഭാഷണങ്ങളിൽ വീണ്ടും വീണ്ടും നിറഞ്ഞുനിന്ന ഒരു വിഷയം രോഗിയുടെ ശുശ്രൂഷയിൽ മനുഷ്യത്വത്തിന്റേയും കരുണയുടേയും ആവശ്യകതയായിരുന്നു.  ഇവർക്കും ഇവരെപ്പോലെയുള്ള എല്ലാ നഴ്സിങ് വിദ്യാർഥികൾക്കും പാലിയേറ്റീവ് കെയർ കാണാനും പഠിക്കാനും ആവശ്യമനുസരിച്ചുള്ള അവസരം കിട്ടിയിരുന്നെങ്കിൽ ചികിത്സയിൽ മനുഷ്യത്വത്തിന്റെ പങ്കിനെപ്പറ്റി പ്രായോഗിക പാഠങ്ങൾ പഠിക്കാൻ വളരെ എളുപ്പമായേനേ.

കേന്ദ്രഗവൺമെന്റ് ഇപ്പോൾ രൂപീകരിച്ചുവരുന്ന പാലിയേറ്റീവ് കെയർ നയരൂപരേഖയിൽ നഴ്സിങ് വിദ്യാഭ്യാസത്തിൽ ഈ വിഷയം ഉൾപ്പെടുത്തുന്ന കാര്യം ഗൗരവമായെടുത്തിട്ടുണ്ട്.  പാലിയം ഇന്ത്യയും നഴ്സിങ് വിദ്യാഭ്യാസത്തിലെ പ്രമുഖരുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു.

ഇപ്പോൾ നഴ്സിങ് ബിരുദം നേടിയ യുവബിരുദധാരികൾക്ക് അഭിനന്ദനങ്ങൾ. നിങ്ങൾക്ക് എല്ലാ നന്മയും വരട്ടെ. നിങ്ങൾ ശുശ്രൂഷിക്കുന്ന രോഗികൾക്കും അവരുടെ കുടുംബങ്ങൾക്കും നിങ്ങളുടെ സ്നേഹസ്പർശത്തിൽ നിന്ന് ആശ്വാസം കിട്ടാനിടവരട്ടെ. ആ ആശ്വാസത്തിൽ നിന്ന് നിങ്ങൾക്ക് സംതൃപ്തി കൈവരട്ടെ.

ബിരുദദാനച്ചടങ്ങിൽ വച്ച് പാലിയം ഇന്ത്യ ചെയർമാൻ ഡോ. രാജഗോപാലിനെ പൊന്നാടയണിയിച്ച് ആദരിച്ച തലശ്ശേരി നഴ്സിങ് കോളേജ് അധികൃതർക്കും– ചെയർമാൻ ശ്രീ.നാരായണൻ, പ്രിൻസിപ്പൽ ശ്രീമതി സ്വപ്ന ജോസ്– സഹപ്രവർത്തകർക്കും പാലിയം ഇന്ത്യയുടെ നന്ദി.

## സുഗതകുമാരി ടീച്ചർക്ക് സരസ്വതി പുരസ്കാരം

പാലിയം ഇന്ത്യയുടെ സുഹൃത്തും ഗുരുനാഥയുമൊക്കെയായ സുഗതകുമാരി ടീച്ചർക്ക് പത്തു ലക്ഷത്തിന്റെ സരസ്വതി പുരസ്കാരം. 'മണലെഴുത്ത്' എന്ന കവിതാ സമാഹാരമാണ് സമ്മാനാർഹമായത്.

പ്രിയപ്പെട്ട ടീച്ചർ, അഭിനന്ദനങ്ങൾ. ഞങ്ങൾ സന്തോഷം പങ്കുവയ്ക്കുന്നു.

### ഡൽഹിയിൽ ഇന്ത്യൻ കാൻസർ കോൺഗ്രസ് 21–24 നവംബർ 2013

**സന്ദർശിക്കുക** indiancancercongress2013.org

### ഇന്റർനാഷണൽ കോൺഫറൻസ് ഓൺ ക്രിട്ടിക്കൽ കെയർ, അനസ്തീഷ്യ ആൻഡ് പെയിൻ

ഹോട്ടൽ സമുദ്ര, കോവളം, തിരുവനന്തപുരം. 10–12 മേയ് 2013

മേയ് 10 ന് 'പെയിൻ' എന്ന വിഷയം ആധാരമാക്കി ശില്പശാല ഉണ്ടായിരിക്കും.

www.isatrivandrum.com/isatricon-2013.

ഓർഗനൈസിങ്ങ് സെക്രട്ടറി. ഡോ. ഗോപകുമാർ.

---

നാട്ടുകാരാകെ വെറുക്കുന്ന ആ പ്രാകൃതരൂപത്തിനോട് എനിക്കുള്ള ആദരവിന്റെ കാരണം എനിക്കിപ്പോഴും അജ്ഞാതമാണ്.

അനുഭവവേദ്യവും പ്രകടനപരവുമല്ലാത്ത സ്നേഹമെന്ന വികാരം ശാപമാണെന്നു ഞാൻ എന്നേ തിരിച്ചറിഞ്ഞിരിക്കുന്നു.

'ചൊവ്വാഴ്ച ജനറൽ ആശുപത്രിയിലെ പാലിയം ഇന്ത്യയുടെ ഒ.പി. ദിവസം തീർച്ചയായും രാമുവിനെ കാണണം' മനസ്സിൽ കുറിച്ചിട്ടു.

നിർഭാഗ്യവശാൽ തൊട്ടടുത്ത രണ്ടാഴ്ചകളിൽ എനിക്കു ജനറൽ ആശുപത്രിയിലെ ക്ലിനിക്കിൽ പോകാൻ കഴിയാഞ്ഞത് പ്രകൃതിയുടെ വികൃതനിയോഗമായിരിക്കാം. അതോ എന്റെ ദുരഭിമാനം അതിനനുവദിച്ചില്ലെന്നുണ്ടോ?

മൂന്നാമത്തെ ചൊവ്വാഴ്ച പാലിയം ഇന്ത്യയുടെ പെയിൻക്ലിനിക്കിലെത്തിയ ഞാൻ നേരെ പോയത് 9–ാം വാർഡിലേക്കായിരുന്നു.

രാമുവിനെ അവിടെയെല്ലാം പരതിയെങ്കിലും കണ്ടെത്താനായില്ല. രണ്ടുദിവസം മുമ്പ് രാമു ആശുപത്രിയിൽ നിന്നും അപ്രത്യക്ഷനായതായി അറിഞ്ഞു.

പിന്നീടൊരിക്കലും ആരും രാമുവിനെ കണ്ടിട്ടില്ല. ആറുമാസം പിന്നിടുന്നു. നാട്ടുകാരും ഒട്ടൊക്കെ മറന്നു കഴിഞ്ഞിരിക്കുന്നു.

അയാൾ കിടന്ന കടത്തിണ്ണയിൽ കുറെ പഴന്തുണികളും ഒരു പഴയ ട്രങ്കുപെട്ടിയും മാത്രം ഇപ്പോഴും അവശേഷിക്കുന്നു.

അതിനു മുന്നിലൂടെ കടന്നു പോകുമ്പോൾ മനസ്സിന്റെ കോണുകളിലെവിടെയോ ആർദ്രമായ ഒരു നൊമ്പരത്തിന്റെ ഊർവരത ഞാനറിയാതെ ഉറഞ്ഞുകൂടുന്നു.

അയാൾ എനിക്കാരുമല്ലായിരുന്നു. എന്നിട്ടും...!

# സാന്ത്വനവുമായി രാജേശ്വരി ഫൗണ്ടേഷൻ

**- എസ്. ഷംഷീൻ**

മാറാരോഗത്തിന്റെ തീരാവേദന അനുഭവിക്കുന്ന നിസ്സഹായരായ നിർധനരോഗികൾക്ക് സന്തതസഹചാരിയാകുകയാണ് ജഗതിയിലെ രാജേശ്വരി ഫൗണ്ടേഷൻ.

വേദനിക്കുന്നവർക്ക് വേണ്ടത് വേദനയിൽ നിന്നുള്ള മോചനമാണെന്ന് തിരിച്ചറിഞ്ഞ് സ്നേഹവും സാന്ത്വനവും നൽകി രോഗികളോടൊപ്പം ഏഴു വർഷമായി രാജേശ്വരി ഫൗണ്ടേഷൻ പ്രവർത്തിക്കുന്നുണ്ട്. രാഷ്ട്രീയ-സാമൂഹ്യ - സാംസ്കാരിക മേഖലകളിൽ പ്രവർത്തിക്കുന്ന എഴുനൂറോളം സുമസ്സുകളുടെ കൂട്ടായ്മയാണ് രാജേശ്വരി ഫൗണ്ടേഷൻ. രോഗിക്ക് ലഭിക്കുന്ന സുഖമാണ് സാന്ത്വനപരിചരണ പ്രവർത്തകരുടെ ആത്മസംതൃപ്തിയെന്ന് കരുതുന്നവർ.

പാലിയം ഇന്ത്യയിലെ ഡോക്ടർമാരുടെ നേതൃത്വത്തിൽ എല്ലാ വെള്ളിയാഴ്ചയും പാലിയേറ്റീവ് കെയർ ഒ.പി.യും തിങ്കൾ, ബുധൻ, ശനി ദിവസങ്ങളിൽ ജനറൽ ഒ.പി.യും പ്രവർത്തിക്കുന്നു. ലബോട്ടറി സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

പാലിയേറ്റീവ് കെയർ ഒപിയിലെത്തുന്ന രോഗികൾക്ക് യാത്രാബത്തയും ഭക്ഷണവും നൽകുന്നു. ലബോറട്ടറി പരിശോധന ആവശ്യമായ ശയ്യാവംബികളായ രോഗികളെ വീടുകളിൽ ചെന്ന് പരിശോധിക്കുകയും ഡ്രസ്സിങ്, കുത്തിവയ്പ് എന്നിവയ്ക്ക് നേഴ്സിങ് പരിചരണവും നൽകുന്നു.

പാലിയേറ്റീവ് കെയർ ഒ.പി.യിൽ തുടർചികിത്സയിലിരിക്കുന്ന രോഗിക്ക് ആർ.സി.സി, ശ്രീചിത്ര, മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലെ ചികിത്സയ്ക്ക് സഹായവും വയോധികർക്ക് പ്രതിമാസ സാമ്പത്തികസഹായവും നൽകുന്നുണ്ട്. വിദഗ്ധ ഡോക്ടർമാർ, നേഴ്സുമാർ, സോഷ്യൽ വർക്കർമാർ എന്നിവർ ഭവനസന്ദർശനം നടത്തി കിടപ്പിലായ രോഗികളെ ശുശ്രൂഷിക്കും. നേത്രപരിശോധന ക്യാമ്പുകൾ, വിദഗ്ധരെ പങ്കെടുപ്പിച്ച് വിദ്യാലയങ്ങളിൽ സെമിനാറുകൾ എന്നിവയും ഫൗണ്ടേഷന്റെ പ്രവർത്തനങ്ങളിൽപ്പെടുന്നു.

സമൂഹത്തിൽ സാന്ത്വനപരിചരണത്തിന് അവബോധം സൃഷ്ടിക്കുന്നതിന് ഈ രംഗത്തെ ഇതര സംഘടനകളുമായി ചേർന്ന് വിവിധ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്,

സാന്ത്വനപരിചരണം നമ്മുടെ ജീവിതത്തെ സമ്പന്നമാക്കുമെന്ന കാഴ്ചപ്പാടോടെ പ്രതിഫലേച്ഛയില്ലാതെ പ്രവർത്തിക്കുന്ന ഒരുപറ്റം സന്നദ്ധപ്രവർത്തകരാണ് രാജേശ്വരി ഫൗണ്ടേഷന്റെമുതൽക്കൂട്ട്. സാന്ത്വനപരിചരണംസാമൂഹ്യപ്രവർത്തനമായി കരുതി ജഗതി മുടിപ്പുര ലെയ്നിലെ വാടകക്കെട്ടിടത്തിലാണ് രാജേശ്വരി ഫൗണ്ടേഷൻ പ്രവർത്തിക്കുന്നത്. ശ്രീ. കെ.വിജയകുമാരൻനായർ പ്രസിഡന്റും, ശ്രീ.എം.ആർ മനോജ് സെക്രട്ടറിയുമായ 15 അംഗ ഗവേണിങ് ബോഡിയാണ് പ്രവർത്തനങ്ങൾക്ക് നേതൃതം നൽകുന്നത്.

*(ദേശാഭിമാനി)*

# രാജേശ്വരി ഫൗണ്ടേഷൻ കുടുംബസംഗമം



രാജേശ്വരി ഫൗണ്ടേഷൻ രോഗികളുടെയും കുടുംബാംഗങ്ങളുടെയും കുടുംബസംഗമം നടത്തി. മേയർ അഡ്വ. കെ. ചന്ദ്രിക കുടുംബസംഗമം ഉദ്ഘാടനം ചെയ്തു. രോഗികൾക്കുള്ള സാമ്പത്തിക സഹായവും വിതരണവും ചെയ്തു. പുനരധിവാസ പദ്ധതികളുടെ ഉദ്ഘാടനവും നടന്നു. ഫൗണ്ടേഷൻ പ്രസിഡന്റ് കെ വിജയകുമാരൻനായർ അധ്യക്ഷനായി. പത്മശ്രീ ശങ്കർ, പാലിയം ഇന്ത്യ ചെയർമാൻ ഡോ. എം.ആർ രാജഗോപാൽ, കെജിഎംഒഎ പ്രസിഡന്റ് ഡോ. ഒ.എസ്സ് ശ്യാംസുന്ദർ ഡിസിബി ഡയറക്ടർ എംപി സാജു, മാധ്യമപ്രവർത്തക പാർവ്വതി, നടി പ്രവീണ, കൗൺസിലർമാരായ കെ മഹേശ്വരൻ നായർ, എസ് വിജയകുമാർ, പ്രവീണ, സി,എസ്.ഐ പാലിയേറ്റീവ് കെയർ പ്രസിഡന്റ് ഫാദർ ജസ്റ്റിൻ ജോസ്, ഫൗണ്ടേഷൻ സെക്രട്ടറി എം. ആർ. മനോജ് എന്നിവർ സംസാരിച്ചു. സംസ്ഥാന അവാർഡ് ജേതാവ് സിനിമാ പിന്നണി ഗായകൻ ശ്രീറാമിനെ ചടങ്ങിൽ ആദരിച്ചു.

# സിസിലിക്ക് ശേഷം - ഡോക്കുമെന്ററി

ഏഷ്യയിലെ അഞ്ചു വനിതാ പാലിയേറ്റീവ് കെയർ നേതാക്കളെപ്പറ്റിയുള്ള ഹ്രസ്വചിത്രമാണ് "സിസിലിക്ക് ശേഷം" (After Cecily)പാലിയേറ്റീവ് കെയർ പ്രസ്ഥാനത്തിന്റെ സ്ഥാപകയായ ഡോ.സിസിലി സോണ്ടേഴ്സിന്റെ പാത തുടർന്ന അഞ്ചു ഏഷ്യൻ വനിതകൾ ഇവർ:-

1. മിസ്സിസ് സൽമാ ചൗധുരി, ബംഗ്ലാദേശ്.
2. ഡോ. ഓഡൊന്റുയ ദേവാസുരെൻ, മംഗോളിയ.
3. ഡോ. തുയ്ബുയി തിബിഷ്, വിയറ്റ്നാം.
4. പ്രൊഫസർ ഷാന്റൽ കൊ-ഷി ചാഓ, തൈവാൻ.
5. സിസ്റ്റർ ജറാൾഡൈൻ ടാൻ, സിംഗപ്പൂർ.

20 മിനിട്ട് ദൈർഘ്യമുള്ള ഈ ചിത്രം കാണാൻ www.aftercecily.com സന്ദർശിക്കുക.

## A Few Days More

കാൻസറിന്റെ വഴിത്താരയിൽ സാന്ത്വന ചികിത്സയുടെ പ്രസക്തി വരച്ചുകാട്ടുന്ന ‘A few days more’ എന്ന ഡോക്കുമെന്ററി നോയിഡയിൽ വച്ചു നടക്കുന്ന 2013 ലെ ദാദാഭായ് ഫാൽക്കേ ഫിലിം ഫെസ്റ്റിവലിലേക്കു തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന കാര്യം സന്തോഷപൂർവ്വം അറിയിക്കുന്നു. ശ്രീ. ഓം പ്രകാശ് ശ്രീവാസ്തവയാണ് സംവിധായകൻ. നിർമ്മാണം റിലീസം ഫിലിംസ്, മുംബൈ. ചിത്രീകരണത്തിനായി പാലിയം ഇന്ത്യക്കും സഹകരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നതിൽ ഏറെ ചാരിതാർത്ഥ്യമുണ്ട്.

## കേശവ് ദേശിരാജു കേന്ദ്ര ആരോഗ്യസെക്രട്ടറി.

കേന്ദ്ര ആരോഗ്യ സെക്രട്ടറിയായി ശ്രീ. കേശവ് ദേശിരാജു നിയമിതനായി. കഴിഞ്ഞ ഏതാനും വർഷങ്ങളായി കേന്ദ്ര ആരോഗ്യകുടുംബക്ഷേമ മന്ത്രാലയത്തിൽ ജോയിന്റ് സെക്രട്ടറി, അഡീഷണൽ സെക്രട്ടറി, സ്പെഷ്യൽ സെക്രട്ടറി തുടങ്ങി വിവിധ ഉന്നത സ്ഥാനങ്ങൾ വഹിച്ചു വരികയായിരുന്നു. ആരോഗ്യരംഗത്തെ അടുത്ത രണ്ടു വർഷത്തെ നയരൂപീകരണത്തിൽ അദ്ദേഹത്തിന്റെ നീതിബോധവും സത്യസന്ധതയും ആത്മസമർപ്പണവും ഏറെ പ്രതീക്ഷകളുണർത്തുന്നു.

## ഐ.എ.പി.സി.

ഇന്ത്യ അസോസിയേഷൻ ഓഫ് പാലിയേറ്റീവ് കെയർ 21–ാം അന്താരാഷ്ട്രാ സമ്മേളനം 2014 ഫെബ്രുവരി 14– 16 വരെ ഭുവനേശ്വറിൽ വച്ചു നടക്കുന്നു. ‘Evidence Based Palliative Care’ എന്നതാണ് കോൺഫറൻസിന്റെ ആശയം.

കൂടുതൽ വിവരങ്ങൾക്ക് സന്ദർശിക്കുക www.iapcon2014.in .

## പാലിയം ഇന്ത്യയുടെ ഐ.പി/ഒ.പി. ക്ലിനിക്ക്

**Pain & Palliative Care Clinic**
4th Floor , Sree Uthradam Thirunal
Royal Hospital, Kochulloor
Thiruvanathapuram - 695011
Phone: 0471-2447101,
Mob: 9387296889

കൂടാതെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ ഉച്ചക്ക് 1 മണി മുതൽ 4 വരെയുംഎസ്.എ.ടിയിൽ വ്യാഴാഴ്ചയും (1-4) ജനറൽ ആശുപത്രിയിൽ ചൊവ്വാഴ്ച ഉച്ചയ്ക്ക് 1 മണിമുതൽ 4മണിവരെയും ഒ.പി.ക്ലിനിക്കുകൾ പ്രവർത്തിക്കുന്നു.

## പാലിയം ഇന്ത്യ പുനരധിവാസ പ്രവർത്തനങ്ങൾ




**‘അരയ്ക്കു കീഴ് ഭാഗം തളർന്ന രാഹുലിന് ഒരാട്’**

രാഹുലിന് (ബിന്ദുഭവൻ, ചിന്ദ്രനല്ലൂർ, കിളിമാനൂർ.) പാലിയംഇന്ത്യവാളണ്ടിയർമാരായ ശ്രീമതി രമയും ലീലാദേവിയും വീട്ടിലെത്തി ആടിനെ നൽകി.



കാൻസർമൂലം മരണമടഞ്ഞ നെയ്യാറ്റിൻകരയിലെ വിജയകുമാറിന്റെ ഭാര്യ കീഴാറൂർ, കാർത്തിക നിവാസിൽ ഗിരിജയ്ക്ക് (ഉണർവ്) ആടിനെ നൽകി.

**ഒടുവിൽ രാജേഷിന് പമ്പുസെറ്റ് സ്വന്തമായി.**



സഹയാത്രയുടെ ഫെബ്രുവരി ലക്കത്തിൽ അരയ്ക്കു കീഴ് ഭാഗം തളർന്നുകൊണ്ടിരിക്കുന്ന കുടവൂർ, പറമ്പുചാണി, പനവിള പുത്തൻവീട്ടിൽ രാജേഷിന്റെ കഥ പ്രസിദ്ധീകരിച്ചിരുന്നു. രാജേഷിന്റെ വീട്ടിൽ പമ്പുസെറ്റ് സ്ഥാപിക്കുവാനായി സ്വറ്റ്സർലണ്ടിലെ Lichenstein -ലുള്ള Eric Ospelt, Feena Ospelt, എന്നീ ദമ്പതികൾ 15000 രൂപയുമായി മുന്നോട്ടു വന്നു. പാലിയംഇന്ത്യയും രാജേഷും ഈ മഹത് വ്യക്തികളോട് അത്യധികം കടപ്പെട്ടിരിക്കുന്നു. മുരുക്കുംപുഴ സ്നേഹ പാലിയേറ്റീവ് കെയറിലെ ശ്രീ. ഫ്രാൻസിസ് ഇക്കാര്യത്തിൽ കാണിച്ച ഉത്സാഹത്തെ പ്രകീർത്തിക്കാതെ വയ്യ.




*കാൻസർ വന്ന് അച്ഛനമ്മമാർ നഷ്ടപ്പെട്ടവർ, രോഗംമൂലം കിടപ്പിലായ അച്ഛനമ്മമാർ, അടുത്ത ബന്ധുക്കൾ-അത്തരം കുടുംബത്തിലുള്ള കുട്ടികളുടെ കൂട്ടായ്മ*

# അടിക്കുറിപ്പ് മത്സരം



***ഈ ചിത്രത്തിന് ഉചിതമായ അടിക്കുറിപ്പ് 30.04.2013 നു മുമ്പായി അയച്ചു തരുവാൻ പാലിയംഇന്ത്യയുടെ കുട്ടിക്കൂട്ടം കൂട്ടുകാരോട് അഭ്യർത്ഥിക്കുന്നു. ഏറ്റവും നല്ല അടിക്കുറിപ്പിന് ക്യാഷ് അവാർഡ് കുട്ടിക്കൂട്ടം സമ്മർക്യാമ്പിൽ വച്ച് നല്കുന്നതാണ്.***

***-പത്രാധിപർ***

# ഞങ്ങൾ കാത്തിരിക്കുന്നു...

നിങ്ങളുടെ അഭിപ്രായങ്ങൾ എന്തുതന്നെയായാലും ഞങ്ങളെ എഴുതിയറിയിക്കുക.

വേദനിക്കുന്നവരോ, വേദനിക്കുന്നവരുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെടുന്നവരോ ആണോ നിങ്ങൾ? ആണെങ്കിൽ നിങ്ങളുടെ അനുഭവ കുറിപ്പുകൾ ഞങ്ങൾക്ക് തരാമോ? സാന്ത്വന പരിചരണരംഗത്ത് ശുശ്രൂഷകരോ, ശുശ്രൂഷിതരോ ഇതിന്റെ നല്ല വശങ്ങൾ കണ്ടറിഞ്ഞവരോ ആണ് നിങ്ങളെങ്കിൽ ആ അനുഭവങ്ങൾ സഹയാത്രയ്ക്ക് അയയ്ക്കുക. ഫുൾസ്കാപ് പേപ്പറിന്റെ ഒരു വശത്തു മാത്രമേ എഴുതാവൂ. അഞ്ച് പേജിൽ കവിയരുത്. രചനകൾക്കൊപ്പം എഴുതുന്നവരുടെ പേരും, പൂർണ്ണമായ വിലാസവും ഫോൺ നമ്പറും അയച്ചുതരണം. രചനയിൽ പ്രതിപാദിക്കുന്നവരുടെ യഥാർത്ഥപേര് ഉപയോഗിക്കരുതെങ്കിൽ അക്കാര്യം സൂചിപ്പിക്കണം.എഴുതുന്ന ആളിന്റെ ഫോട്ടോ കൂടി നൽകണം.

**അയക്കേണ്ട വിലാസം:**

***പത്രാധിപർ, സഹയാത്ര, പാലിയംഇന്ത്യ, എസ്-10, വൃന്ദാവൻ ഗാർഡൻസ്***
***ട്രാഫിക് പോലീസ് സ്റ്റേഷനെതിർവശം, പട്ടം, തിരുവനന്തപുരം - 695004***
***മൊബൈൽ: 9447324846***



# സാന്ത്വനത്തിന് ഒരു കൈ....

ക്യാൻസർ, എയ്ഡ്സ്, പക്ഷാഘാതം മുതലായ വ്യാധികളാൽ വേദനതിന്ന് സാന്ത്വനപരിചരണം ലഭിക്കാതെ, സാമ്പത്തികവും മാനസികവും സാമൂഹ്യവുമായ പ്രശ്നങ്ങൾ മൂലം നിസ്സഹായാവസ്ഥയിൽ കഴിയുന്ന അനേകലക്ഷം രോഗികൾ ഇന്ത്യയിലുണ്ട്. ഇത്തരം രോഗികൾക്കും അവരുടെ കുടുംബത്തിനും സാന്ത്വനചികിത്സ നൽകുകയും ആതുരശുശ്രൂഷരംഗത്തുള്ളവർക്ക് പാലിയേറ്റീവ് പരിചരണത്തിൽ വിദഗ്ദ്ധ പരിശീലനം നൽകുകയും ചെയ്യുന്ന ഒരു സന്നദ്ധസംഘടനയാണ് പാലിയം ഇന്ത്യ. പാലിയം ഇന്ത്യയിൽ ഔട്ട് പേഷ്യന്റ്, ഇൻ പേഷ്യന്റ് വിഭാഗങ്ങളും പരിശീലനം സിദ്ധിച്ച ആതുര ശുശ്രൂഷ കരടങ്ങുന്ന ഗൃഹസന്ദർശനസംഘവുമുണ്ട്. ചികിത്സ, മരുന്ന് ഇവ നിർദ്ധനരായ രോഗികൾക്ക് സൗജന്യമായി നൽകുന്നു. കൂടാതെ രോഗികളുടെ കുട്ടികൾക്കുള്ള പഠന ചെലവ്, കുടുംബാംഗങ്ങളുടെ പുനരധിവാസം എന്നിവയിലും പാലിയം ഇന്ത്യ ഒരു കൈത്താങ്ങായി പ്രവർത്തിക്കുന്നു.

വേദന മാറ്റുന്നതിന്റെ, ഒരു കവിളിലെ കണ്ണുനീർ തുടയ്ക്കുന്നതിന്റെ, ഒരു കുടുംബത്തിനെ നിരാശയിൽ നിന്ന് ജീവിതത്തിലേക്ക് കയറ്റുവാൻ ഒരു കൈ കൊടുക്കുന്നതിന്റെ, സുഖം അനുഭവിച്ചറിയുവാൻ ഞങ്ങളുടെ കൂടെ വരൂ.

നിങ്ങൾക്ക് സമയമുണ്ടെങ്കിൽ ഒരു വോളണ്ടിയറാകൂ. അതിന് സാധിക്കുന്നില്ലെങ്കിൽ, ഈ പ്രവർത്തനത്തിന് ഒരു സംഭാവന നൽകൂ. ഒരു തുകയും തീരെ ചെറുതായി പോകില്ല. (സംഭാവനകൾക്ക് 80 G സെക്ഷൻ പ്രകാരം ആദായ നികുതിയിൽ കിഴിവ്).

<u>ചെക്ക്/ഡ്രാഫ്റ്റ് അയക്കേണ്ട വിലാസം</u>

**പാലിയം ഇന്ത്യ**
**എസ്– 10 വൃന്ദാവൻ ഗാർഡൻ**
**ട്രാഫിക് പോലീസ് സ്റ്റേഷന് എതിർവശം.**
**പട്ടം. പി.ഒ, തിരുവനന്തപുരം– 695004**
Phone: 0471- 2440306
www. pallliumindia.org, info@palliumindia.org

PALLIUM INDIA
CARE BEYOND CURE

## പ്രതിജ്ഞാപത്രം

**എസ്-10, വൃന്ദാവൻ ഗാർഡൻ, ട്രാഫിക് പോലീസ് സ്റ്റേഷന് എതിർവശം**
**പട്ടം പി.ഒ, തിരുവനന്തപുരം - 695004**
**ഫോൺ: 0417-2440306**

ഞാൻ സാന്ത്വന പരിചരണത്തിന് സർവ്വ പിന്തുണയും നൽകുന്നു.

സാന്ത്വന പരിചരണം നൽകുന്ന പാലിയം ഇന്ത്യയേയും ഞാൻ പിന്തുണയ്ക്കുന്നു.

“സാന്ത്വനത്തിന് ഒരു കൈ” എന്ന പരിപാടിയിൽ ഞാൻ താഴെ പറയും പ്രകാരം പങ്ക് ചേരാനാഗ്രഹിക്കുന്നു.

☐ വിശേഷാവസരങ്ങളിൽ ഒരു നിശ്ചിത തുക പാലിയം ഇന്ത്യക്ക് നൽകിക്കൊണ്ട്

- ☐ ജന്മദിനം: തീയതി .....................
- ☐ വിവാഹവാർഷികം : തീയതി ..
- ☐ വിവാഹം, ഉദ്യോഗലബ്ധി/ഉദ്യോഗ കയറ്റം, വിദ്യാഭ്യാസ വിജയം, ജനനം തുടങ്ങിയ അവസരങ്ങൾ

അല്ലെങ്കിൽ

- ☐ ചരമവാർഷികം : തീയതി ........

☐ ഞാൻ സംഭാവന ചെയ്യുന്ന തുക താഴെ പറയുന്നതിനായി ഉപയോഗിക്കണമെന്ന് ആഗ്രഹിക്കുന്നു:

- ☐ രോഗികളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിന്
- ☐ രോഗിയുടെയും കുടുംബത്തിന്റെയും പുനരധിവാസത്തിന്
- ☐ മരുന്ന് നൽകുന്നതിന്
- ☐ ഗൃഹസന്ദർശന സംഘത്തിന്റെ വാഹന ചെലവിന്
- ☐ മറ്റാവശ്യങ്ങൾക്ക് .......................

ഒപ്പ് :
പേര് :
വിലാസം :

പിൻകോഡ് :
ടെലഫോൺ :
മൊബൈൽ :
ഇമെയിൽ :

ചെക്കുകൾ Pallium India എന്ന പേരിൽ എടുക്കേണ്ടതാണ്. സംഭാവനകൾക്ക് 80 G സെക്ഷൻ പ്രകാരം ആദായനികുതി ഇളവു ലഭിക്കുന്നു.

# Trivandrum Institute of Palliative Sciences (TIPS)

(WHO Collaborating Centre)

പാലിയേറ്റീവ് കെയർ ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ പാലിയേറ്റീവ് കെയർ ലഭ്യമാക്കുക എന്ന പ്രധാന ലക്ഷ്യത്തോടെ 2003-ൽ സ്ഥാപിതമായ ട്രസ്റ്റാണ് പാലിയം ഇന്ത്യ. 2006-ൽ പാലിയം ഇന്ത്യ തിരുവനന്തപുരത്ത് ട്രിവാൻഡ്രം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാലിയേറ്റീവ് സയൻസസ് (ടിപ്സ്) സ്ഥാപിച്ചു. ടിപ്സ്, രോഗികളുടെ ശുശ്രൂഷയ്ക്കായി നടത്തുന്ന പ്രധാനകേന്ദ്രം തിരുവനന്തപുരത്ത് കൊച്ചുള്ളൂരുള്ള ശ്രീ ഉത്രാടം തിരുനാൾ റോയൽ ആശുപത്രിയിൽ പ്രവർത്തിക്കുന്നു. ഇതിനാവശ്യമായ സ്ഥലവും കുറെയധികം സ്റ്റാഫും മറ്റു പല സൗകര്യങ്ങളും സൗജന്യമായി നൽകിയിരിക്കുന്നത് എസ്.യു.റ്റി. ആശുപത്രിയാണ്. തിരുവനന്തപുരത്തെ 5 സർക്കാർ ആശുപത്രികളിലും ഒ.പി. പ്രവർത്തിക്കുന്നു.

## താഴെപ്പറയുന്ന തരത്തിലുള്ള സേവനങ്ങളാണ് ലഭ്യം

**1 രണ്ടാമിനത്തിൽ പറഞ്ഞ സ്ഥലങ്ങളിലും കൂടാതെ തിരുവനന്തപുരം നഗരത്തിലും രോഗികളുടെ ഗൃഹസന്ദർശനപരിപാടി. കുറഞ്ഞപക്ഷം രണ്ടു ടീമെങ്കിലും എല്ലാദിവസവും ഇതിലേർപ്പെടുന്നു. 2. എസ്.യു.റ്റി. റോയൽ ആശുപത്രിയിൽ ഇൻപേഷ്യന്റ് യൂണിറ്റ് പ്രവർത്തിക്കുന്നു. ബി.പി.എൽ കുടുംബങ്ങൾക്ക് ചികിത്സ തികച്ചും സൗജന്യമാണ്. 3.രോഗികൾക്കും കുടുംബത്തിനും രോഗംമൂലം വരുമാനം നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ സ്വയം തൊഴിൽ കണ്ടെത്താൻ സഹായം ലഭ്യമാക്കുന്നതോടൊപ്പം അവരുടെ മാനസികവും സാമൂഹികവുമായ പ്രശ്നങ്ങൾ തരണം ചെയ്യുന്നതിനും സന്നദ്ധരാക്കുന്നു. 4. അത്തരം കുടുംബങ്ങളിലെ കുട്ടികൾക്ക് പഠനസഹായം നൽകുന്നു. 5. പ്രിയപ്പെട്ടവരെ നഷ്ടപ്പെട്ടവർക്ക് 'ബറീവ്മെന്റ് സപ്പോർട്ട്' നൽകുന്നു. ഇതിനായി ഒരു കൂട്ടായ്മ (ഉണർവ്) രൂപീകരിച്ചിട്ടുണ്ട്. 6. പാലിയേറ്റീവ് കെയറിനെപ്പറ്റി സാധ്യമായ അവസരങ്ങളിലൊക്കെ പൊതുജനസമ്പർക്ക പരിപാടി നടത്തുന്നു. രോഗംമൂലം മാതാപിതാക്കൽ നഷ്ടമായ കുട്ടികൾക്കായുള്ള സംഗമം-കുട്ടിക്കൂട്ടം-സംഘടിപ്പിക്കുന്നു.**

*പാലിയം ഇന്ത്യയുടെ പരിശീലന-സാന്ത്വന ചികിത്സാസഹായം ലഭ്യമാക്കുന്ന സർക്കാരിതരസ്ഥാപനങ്ങൾ. എബനീസർ മാർത്തോമാ പാലിയേറ്റീവ് കെയർ, പേരൂർക്കട. സുകൃതം പാലിയേറ്റീവ് കെയർ സെന്റർ മുട്ടക്കാട്, ആശ്വാസ് പാലിയേറ്റീവ് കെയർ പ്രോഗ്രാം പൂവാർ, പാലിയേറ്റീവ് കെയർ യൂണിറ്റ് നന്ദിയോട്, കരകുളം, ഉഴമലയ്ക്കൽ, സ്നേഹാ പാലിയേറ്റീവ് കെയർ യൂണിറ്റ് മുരുക്കുംപുഴ, പ്രത്യാശാ പാലിയേറ്റീവ് കെയർ യൂണിറ്റ് നാലാഞ്ചിറ, രാജേശ്വരി ഫൗണ്ടേഷൻ ജഗതി, അഴൂർ, പള്ളിത്തുറ "പാസ്", കാരുണ്യ വിശ്രാന്തിഭവൻ, കട്ടേല.*

*മണിപ്പൂർ, മിസോറാം, ഉത്തർപ്രദേശ്, ബീഹാർ, ഒറീസ, ത്സാർഖണ്ഡ്, ത്രിപുര, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിലായി പാലിയം ഇന്ത്യയുടെ 8 സാന്ത്വനപരിചരണകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.*

*പാലിയേറ്റീവ് കെയറിൽ പരിശീലനം നൽകുവാനുള്ള സ്ഥാപനമായി ടിപ്സ് അംഗീകരിക്കപ്പെട്ടിട്ടുണ്ട്.*

## ടിപ്സിന്റെ മറ്റ് പ്രവർത്തനങ്ങൾ.

1. പാലിയേറ്റീവ് കെയർ രംഗത്ത് പ്രവർത്തിക്കുവാൻ താൽപര്യമുള്ളവർക്ക് കൂട്ടായ്മ ഉണ്ടാക്കാനും സേവനം നൽകുവാനും പരിശീലനവും പ്രോത്സാഹനവും നൽകുന്നു.
2. തിരുവനന്തപുരം ജില്ലയിലെ ഇത്തരം കൂട്ടായ്മകളുടെ പ്രവർത്തനത്തിന് ആഴ്ചയിലൊരിക്കലോ രണ്ടു പ്രാവശ്യമോഡോക്ടർമാരുടെയും നേഴ്സുമാരുടെയും സേവനം നൽകുന്നു.
3. പാലിയേറ്റീവ് കെയർ പരിശീലനപരിപാടികൾ നടത്തുന്നു. താഴെപ്പറയുന്ന കോഴ്സുകളാണ് പ്രധാനമായും നടത്തുന്നത്.

***1. സന്നദ്ധസേവകർക്കുള്ള ത്രീടയർ പരിശീലന പരിപാടി. 2. നേഴ്സുമാർക്കുള്ള ആറാഴ്ചത്തെ സർട്ടിഫിക്കറ്റ് കോഴ്സ്. 3. ഡോക്ടർമാർക്കുള്ള ആറാഴ്ചത്തെ സർട്ടിഫിക്കറ്റ് കോഴ്സ്. 4. ആക്സിലിലറി നേഴ്സുമാർക്കുള്ള മൂന്നുമാസ കോഴ്സ്. 5. ഡോക്ടർമാരും നേഴ്സുമാരും ഒഴികെയുള്ളവരുടെ ആറാഴ്ചത്തെ സർട്ടിഫിക്കറ്റ് കോഴ്സ്. 6. പൊതുജനസമ്പർക്ക പരിപാടികൾ.***

കൂടുതൽ അറിയാൻ സന്ദർശിക്കുക:
(www.palliiumindia.org) (email: info@pallliumindia.org) Phone: 0471- 2440306)

**SAHAYATHRA** Monthly
Volume: 5; Issue:4
Page : 24

REG.NO KERMAL/2009/30023
APRIL 2013
മുഖവില ₹ 1




Printed and published by Dr. M.R.Rajagopal on behalf of Pallium India Trust, S-10, Vrindavangarden, Opp. Trafic Police Station, Pattom.P.O. Thiruvananthapuram -695004, Phone: 0471-2440306. Printed at CHASIMAR, TVPM-1, Ph: 0471-2460964.